19

# കാര്യങ്ങൾ ദൂരക്കാഴ്ച്ചയിലാക്കുക

## ( 4:1 - 11)

ക്രിസ്ത്യാനികൾ ഭൂതകാലത്തും (2:13; 3:8), വർത്തമാനകാലത്തിലും (2:9; 3:9), ഭാവിയിലും (2:10; 3:10), ഉപദ്രവിക്കപ്പെടുന്നതായി, ഏഴ് സഭകൾക്കുള്ള എഴുത്തുകളെ കുറിച്ചു പഠിച്ചപ്പോൾ നാം കാണുകയുണ്ടായി. അദ്ധ്യായം 6 ലും തുടർന്നുള്ള അദ്ധ്യായങ്ങളിലും ക്രിസ്ത്യാനികൾക്ക് വരുവാനിരിക്കുന്ന പരീക്ഷണങ്ങളെ കുറിച്ചു പറയുന്നുണ്ട്. എങ്ങനെയായാലും, ഭാവിയിലെ കുഴപ്പങ്ങൾ യേശു മുന്നറിയിക്കുന്നതിനു മുൻപ്, അവൻ 4 ഉം 5 ഉം അദ്ധ്യായങ്ങളിൽ കാര്യങ്ങൾ ദൂരക്കാഴ്ച്ചയിലാക്കുന്നുണ്ട്.

വെളിപ്പാട് പുസ്തകത്തിലെ ഈ മുഖ്യഅദ്ധ്യായങ്ങളിൽ, നിയന്ത്രിക്കുന്നത് റോമൻ ചക്രവർത്തിയല്ല, മറിച്ച് ദൈവമാണെന്ന് വിപരീതമായി – കഷ്ടപ്പെടുന്ന – ക്രിസ്ത്യാനികളെ കാണിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. കൂടാതെ ദൈവത്തിന് അവന്റേതായ പദ്ധതിയും ഉദ്ദേശവുമുണ്ട്, അവസാനം ആ പദ്ധതിയും ഉദ്ദേശവുമാണ് നടപ്പിലാകുക എന്ന ഉറപ്പും നൽകി.

ഇന്ന് ആ ദൂരക്കാഴ്ച്ച ആവശ്യമാണ്. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ ഉപദ്രവിക്കപ്പെട്ടതുപോലെ, ചിലർ ഇപ്പോൾ ഉപദ്രവിക്കപ്പെടുന്നുണ്ട്. മറ്റുള്ളവർ ദൈനന്തിനജീവിതത്തിലെ പ്രശ്നങ്ങളുമായി മല്ലിടുന്നു. വേറെ ചിലർ ലോകത്തിന്റെ "ധനത്തിലും സുഖലോലുപതയിലും" ആണ്ടിരിക്കുന്നു (ലൂക്കൊസ് 8:14). വാസ്തവത്തിലുള്ള ജീവിതം എന്താണെന്ന് തിരിച്ചറിയുവാൻ നാം ഇടക്കിടക്ക് ദൈവസിംഹാസനമുറിയിലേക്ക് കടന്നു ചെല്ലണം.

നമ്മെ ദൈവസന്നിധിയിലേക്ക് ക്ഷണിക്കുന്നതാണ് അദ്ധ്യായം 4 ഉം 5 ഉം. അതുകൊണ്ട്, നമ്മുടെ ജീവിതം ദൂരക്കാഴ്ച്ചയിലാക്കുവാൻ നാം ഭയത്തോടെ വേണം നമ്മുടെ വേദഭാഗത്തിലേക്ക് കടക്കുവാൻ.

### ചുറ്റും നോക്കുന്നതിനുപകരം - ഉയരത്തിലേക്ക് നോക്കുക (4:1, 2)

ഭൂമിയിൽ, ദുഷ്ടത സകല-ശക്തിയോടുംകൂടെ നടമാടിക്കൊണ്ടിരിക്കുന്നു. നന്മ ബലഹീനവും, നിരുൽസാഹവും, വഴങ്ങുന്നതുമായി കാണപ്പെടുന്നു. ആ കാഴ്ച്ചപ്പാട് മാറുവാൻ യോഹന്നാൻ ഉയരത്തിലേക്ക് നോക്കേണ്ടിയിരുന്നു.

> അനന്തരം സ്വർഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നത് ഞാൻ കണ്ടു,[1] കാഹളനാദം പോലെ എന്നോട് സംസാരിച്ചുകേട്ട ആദ്യത്തെ ശബ്ദം എന്നോട്, "ഇവിടെ കയറിവരിക, മേലാൽ സംഭവിപ്പാനുള്ളത് ഞാൻ നിനക്ക് കാണിച്ചുതരാം" എന്നു കൽപിച്ചു. ഉടനെ ഞാൻ ആത്മവിവശനായി സ്വർഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നതും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും ഞാൻ കണ്ടു (വാ. 1, 2).

"അനന്തരം" എന്നതിന്റെ സ്വാഭാവികമായ അർത്ഥം, "ഒന്നാമത്തെ ദർശന

വും ഏഴ് എഴുത്തുകളും പൂർത്തിയായ ശേഷം" എന്നാണ്.[2] എൻസിവിയിൽ "ഈ കാര്യങ്ങളുടെയെല്ലാം *ദൗത്യം* പൂർത്തിയാക്കിയശേഷം ..." എന്നാണ്. (എംഫസിസ് മൈൻ.) കാര്യങ്ങൾ ആയിരുന്നതുപോലെ യോഹന്നാന് കാണിച്ചുകൊടുത്തശേഷം, പിന്നീട് സംഭവിക്കുവാനിരിക്കുന്നത് കാണിച്ചു കൊടുപ്പാൻ യേശു ആഗ്രഹിച്ചു. അത്തരത്തിലാണ് രണ്ടാമത്തെ ദർശനം കാണിച്ചുകൊടുക്കുന്നത്.

യോഹന്നാൻ ഉയരത്തിലേക്ക് നോക്കിയപ്പോൾ, "സ്വർഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നത് കണ്ടു." വാതിൽ തുറന്നിരിക്കുന്നത് കണ്ടെങ്കിലും, പ്രവേശിക്കുവാൻ യോഹന്നാൻ ധൃതി കാണിച്ചില്ല, ക്ഷണത്തിനായി കാത്തിരുന്നു. കാഹളനാദം പോലെയുള്ള ഒരു ശബ്ദം സംസാരിച്ചു.[3] ആദ്യം അവനോട് സംസാരിച്ച അതേ ശബ്ദം തന്നെയാണ് സംസാരിച്ചത് (സിഇൗവി), അത് ദർശനത്തിൽ "മനുഷ്യപുത്രനോട് സദൃശനായവനെ" കണ്ടപ്പോഴായിരുന്നു (1:13). ശബ്ദം ക്ഷണിച്ചു, "ഇവിടെ കയറിവരിക, മേലാൽ സംഭവിപ്പാനുള്ളത് ഞാൻ നിനക്ക് കാണിച്ചുതരാം എന്നു കൽപിച്ചു."

"മേലാൽ സംഭവിപ്പാനുള്ളതിൽ" സഭയ്ക്ക് വേണ്ടി സൂക്ഷിച്ചിരിക്കുന്നതും, അവളുടെ പാപം നിമിത്തം റോം കൊയ്യുവാൻ പോകുന്നതും, എങ്ങനെ ലോകത്തെ മാറ്റുമെന്നതും, വരുവാനുള്ള ലോകം എങ്ങനെയായിരിക്കുമെന്നതും ഉൾപ്പെട്ടിരിക്കുന്നു. "മസ്റ്റ്" എന്ന വാക്ക് അടിവരയിടുക. വെളിപ്പാടുപുസ്തകം "വേ*ണ്ടതായ* കാര്യങ്ങളെയോ," അല്ലെങ്കിൽ "സംഭവി*ച്ചേക്കാമായിരുന്ന* കാര്യങ്ങളെയോ" അല്ല വെളിപ്പെടുത്തുന്നത്, പിന്നെയോ, "*സംഭവിക്കണം* എന്നുള്ള കാര്യങ്ങളാണ്." അത് സംഭവി*ക്കേണ്ടതാ*യിരുന്നു, സംഭവി*ക്കുകതന്നെ ചെയ്യും* കാരണം അവ "ദൈവഹിതത്തിന്റെ ബാഹ്യസ്ഫുരണമായിരുന്നു."[4]

അവന്റെ താൽപര്യം പരിഭവിച്ചു. യോഹന്നാൻ "ആത്മവിവശനായി"[5] പ്രതികരിക്കുവാൻ തയ്യാറായി, സ്വർഗീയ മുറിയുടെ സിംഹാസനവാതിൽ തുറന്നുവെങ്കിലും, യോഹന്നാൻ സ്തബ്ദനായി![6]

യോഹന്നാൻ കണ്ടത് ശ്രദ്ധിക്കുന്നതിനു മുൻപ്, ക്രിസ്ത്യാനികളുടെ പരീക്ഷണങ്ങളും കുഴപ്പങ്ങളും ശരിയായി കാണുവാൻ യോഹന്നാൻ ഉയരത്തിലേക്ക് നോക്കേണ്ടിയിരുന്നു. അവന്റെ കണ്ണുകൾ ക്രിസ്ത്യാനികളുടെ ബലഹീനതയിലും റോമാക്കാരുടെ ശക്തിയിലുമായിരിക്കുമ്പോൾ, എല്ലാം നിരാശാജനകമായി തോന്നും. അവൻ തന്റെ നോട്ടം സ്വർഗത്തിലേക്ക് മാറ്റിയപ്പോഴായിരുന്നു അവന് ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ കാര്യങ്ങൾ കാണുവാൻ സാധിച്ചത്.

നമ്മുടെ കണ്ണുകൾ ലോകത്തിൽ നിറഞ്ഞിരിക്കുമ്പോൾ, ആഹ്ലാദം തോന്നുക എളുപ്പമാണ്. അധികരിച്ച കോപവും, വെറുപ്പും, മായം കലരാത്ത ഉപജീവനമാർഗം, ഉള്ളപ്പോൾ വാർത്തകൾ കേൾപ്പാനോ, വർത്തമാന പത്രം നോക്കുവാനോ തോന്നുന്നില്ല. ഏങ്ങനെയായാലും, സമൂഹത്തിന്റെ വൈരൂപ്യത്തിനു പുറമെ, കുടുംബ പ്രശ്നങ്ങൾ; വ്യക്തിപരമായ പണപ്രശ്നങ്ങൾ പലപ്പോഴും നമ്മെ ഭീഷണിപ്പെടുത്താറുണ്ട്; കുടുംബപ്രശ്നങ്ങൾ, ജോലിസമ്മർദ്ദം, രോഗവും, മരണവും നേരിടുന്നു. പ്രശ്നങ്ങൾ നമ്മെ ഞെരുക്കുമ്പോൾ നാം എന്തു ചെയ്യും? യോഹന്നാനെ പോലെ നമുക്ക് ഉയരത്തിലേക്ക് നോക്കാം. ദൈവത്തിന്റെ സിംഹാസനമുറിയുടെ വാതിൽ ഇപ്പോഴും തുറന്നു തന്നെയിരിക്കുന്നതുകൊണ്ട് യോഹന്നാൻ കണ്ടതുപോലെ നമുക്ക് കാണുവാനും ആശ്വസിപ്പാനും കഴിയും!

## ലോകത്തിന്റെ വൈരൂപ്യം നോക്കുന്നതിനുപകരം ദൈവത്തിന്റെ പ്രത്യേകതകൾ നോക്കുക (4:2-8)

സ്വർഗത്തിലേക്ക് എടുക്കപ്പെട്ടപ്പോൾ എന്താണ് യോഹന്നാൻ കണ്ടത്? ആ ദർശനം നിങ്ങളുടെ ആത്മാവിൽ നിറയട്ടെ:

> ഉടനെ ഞാൻ ആത്മവിവശനായി സ്വർഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നതും, സിംഹാസനത്തിൽ[7] അവൻ ഇരിക്കുന്നതും കണ്ടു. ഇരിക്കുന്നവൻ കാഴ്ച്ചക്ക് സൂര്യകാന്തത്തോടും[8] പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിന്റെ ചുറ്റിലും ഇരുപത്തുനാല് സിംഹാസനം; വെള്ളയുടുപ്പ് ധരിച്ചുകൊണ്ട് സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തു-നാല് മൂപ്പന്മാർ,[9] അവരുടെ തലയിൽ പൊൻകിരീടം;[10] സിംഹാസനത്തിൽനിന്നു മിന്നലും, നാദവും,[11] ഇടിമുഴക്കവും പുറപ്പെടുന്നു; ദൈവത്തിന്റെ ഏഴ് ആത്മാക്കളായ ഏഴ് ദീപങ്ങൾ[12] സിംഹാസനത്തിനു മുൻപിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു. സിംഹാസനത്തിന്റെ മുമ്പിൽ പളുങ്കിനൊത്ത കണ്ണാടിക്കടൽ; സിംഹാസനത്തിന്റെ നടുവിലും[13] സിംഹാസനത്തിന്റെ ചുറ്റിലും നാലു ജീവികൾ; അവെക്ക് മുമ്പുറവും പിമ്പുറവും കണ്ണ് നിറെഞ്ഞിരിക്കുന്നു; ഒന്നാം ജീവി സിംഹത്തിന് സദൃശം, രണ്ടാം ജീവി കാളെക്കു സദൃശം, മൂന്നാം ജീവി മനുഷ്യനെ പോലെ മുഖമുള്ളത്, നാലാം ജീവി പറക്കുന്ന കഴുകന്നു സദൃശം; നാല് ജീവികളും ഓരോന്നിന് ആറാറ് ചിറകുള്ളതായി ചുറ്റിലും അകത്തും കണ്ണ് നിറെഞ്ഞിരിക്കുന്നു; "ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് അവർ രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു" (വാ. 2-8). (ഈ പുസ്തകത്തിൽ അവസാനം വരുന്ന "സിംഹാസനത്തിനു ചുറ്റുമുള്ള രംഗം" എന്ന ചിത്രീകരണം നോക്കുക.)

വിശദാംശങ്ങളിൽ ഉന്മത്തരാകാതിരിക്കുക. ഇരുപത്തി-നാല് മൂപ്പന്മാരെ തിരിച്ചറിയുവാനും, പളുങ്കുകടലിന്റെ പ്രാധാന്യവും, നാല് ജീവികളുടെ ഉദ്ദേശവും മനസിലാക്കുവാനും വ്യാഖ്യാതാക്കൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടുണ്ട്, എന്നാൽ ആ വക കാര്യങ്ങൾക്ക് ഊന്നൽ കൊടുത്താൽ നമുക്ക് പോയിന്റ് നഷ്ടമാകും. ആ രംഗം കണ്ണഞ്ചിപ്പിക്കുന്നതും ചിന്തിക്കുമ്പോൾ പരിഭ്രമിപ്പിക്കുന്നതുമായ വിധത്തിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ദൈവത്തിന്റെ മാഹാത്മ്യത്തിൽ വിസ്മയിക്കത്തക്കവണ്ണമാണ് അതിനെ സൂക്ഷിച്ചിരിക്കുന്നത്!

മുഴുവൻ നാം കാണുന്നതിനു മുൻപ്, ഉപയോഗിച്ചിരിക്കുന്ന അലങ്കാരത്തിന്റെ പ്രാധാന്യത്തിൽ നാമും പരിഭ്രമിക്കുവാനിടയുണ്ട്. എങ്ങനെയായാലും, ദർശനം മുഴുവൻ കണ്ട്, അതെങ്ങനെ യോഹന്നാനെ സ്വാധീനിച്ചു എന്നറിയുകയാണ്, നമ്മുടെ ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ ഉദ്ദേശം. യോഹന്നാൻ അതെങ്ങനെ കണ്ടു എന്നും തൽഫലമായി അവന് എങ്ങനെയുള്ള അനുഭവമാണുണ്ടായതെന്നറിയുവാൻ, നമ്മെ യോഹന്നാന്റെ സ്ഥാനത്താക്കി നോക്കണം. എന്റെ മനസിൽ തോന്നുന്നത് ഇതാണ്.

താൻ എന്തു പ്രതീക്ഷിച്ചു എന്ന്, യോഹന്നാന് അറിയില്ലായിരുന്നു, എന്നാൽ അവന് എന്തെങ്കിലും ഊഹിക്കുവാൻ കഴിയുന്നതിനപ്പുറമായിരുന്നു മഹത്വവും തേജസും. താൻ കണ്ട ശോഭയും, ഗാംഭീര്യവും നിറഞ്ഞ കാഴ്ച്ച

അവനെ പകുതി-അന്ധനാക്കി, അവൻ അതിനെ വേർതിരിച്ച് മനസിലാക്കുവാൻ ശ്രമിച്ചിരിക്കണം.

വേദിയുടെ നടുവിൽ ഒരു വലിയ സിംഹാസനം, സർവ്വശക്തന്റെ ആസ്ഥാനം! സിംഹാസനത്തിൽനിന്നു കണ്ണഞ്ചിപ്പിക്കുന്ന നിറങ്ങളുള്ള മഴവില്ലിന്റെ പ്രഭ ഉയരുന്നു. ആ സിംഹാസനത്തിനു ചുറ്റും ചെറിയ ചെറിയ സിംഹാസനങ്ങൾ.[14] ആ സിംഹാസനങ്ങളിൽ, വെള്ള-വസ്ത്രവും പൊൻ-കിരീടവും ധരിച്ച വയോധികന്മാർ ഇരിക്കുന്നു, അവരുടെ ഉയർന്ന് നിൽക്കുന്ന മുഖത്ത് സ്വർഗീയ കാന്തി മിന്നിയിരുന്നു.

മുന്നറിയിപ്പ് കൂടാതെ, അശുഭസൂചകമായ ഇടിമുഴക്കവും മിന്നലും സിംഹാസനത്തിൽനിന്നു വന്നു. പിന്നെ സിംഹാസനത്തിന്റെ മുമ്പിൽ ഏഴ് ദീപങ്ങൾ കത്തിജ്വലിക്കുന്നതു യോഹന്നാനെ ഞെട്ടിച്ചു. അവനും ആ അതിയായ ശക്തിക്കുമിടയിൽ വിസ്തൃതമായ പ്രകാശമായിരുന്നു - യോഹന്നാൻ അല്പം അകലെയായിരുന്നതുകൊണ്ട് സന്തോഷിച്ചിരിക്കാം. അതെല്ലാം തന്റെ നെഞ്ചിൽനിന്ന് പൊട്ടിപ്പുറപ്പെടുന്നതുപോലെ അവന്റെ ഹൃദയത്തിൽ വേവലാതി പൂണ്ടിരിക്കയാവും.[15]

തന്റെ കണ്ണുകൾ യോഹന്നാൻ ചിമ്മിത്തുറന്നപ്പോൾ, സിംഹാസനത്തിൽനിന്നു വരുന്ന പ്രകാശകിരണം യോഹന്നാന്റെ കണ്ണിലേക്ക് അടിച്ചുകയറുന്നതുപോലെ തോന്നിയിരിക്കാം, നാല് അത്ഭുതജീവികളെയും അവൻ കണ്ടു. ജീവികളുടെ രൂപം വിചിത്രവും മനോഹരവുമായിരുന്നു. അവെക്ക് എല്ലാം ചിറകുകളും നിറയെ കണ്ണുകളും ഉണ്ടായിരുന്നു - ഇമ വെട്ടാതെ, എല്ലാം കാണുന്ന കണ്ണുകളായിരുന്നു. ആത്മാവിനാൽ, അവ ഏറ്റവും ധൈര്യവും, ശക്തിയും, ബുദ്ധിയുമുള്ളവയും, ഏറ്റവും വേഗതയുമുള്ളവയായിരുന്നു എന്നു യോഹന്നാൻ തിരിച്ചറിഞ്ഞു. പിന്നെ അപ്പൊസ്തലൻ അവയുടെ ഗാനവും അറിഞ്ഞിരുന്നു. സിംഹാസനത്തിലിരുന്നവനെ അവർ സ്തുതിച്ചപ്പോൾ, അവരുടെ പാട്ടുകൾ അപ്പൊസ്തലന്റെ ആത്മാവിനെ നിറെച്ചു: "ഇരിക്കുന്നവനു ം, ഇരുന്നവനും, വരുന്നവനുമായ സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ" ആ ഭയങ്കര ദർശനത്താൽ യോഹന്നാൻ സ്തബ്ദനായി. ...

അല്പം നിന്ന് വാക്യം 2 മുതൽ 8 വരെ ഒന്നുകൂടെ വായിച്ച് ആ രംഗം ഒന്നുകൂടെ മനസിലേക്ക് കൊണ്ടുവരിക. പിന്നെ ഈ ചോദ്യങ്ങൾ പരിഗണിക്കുക: ആ ദർശനം യോഹന്നാനിൽ എന്തു പ്രതികരണമാണ് ഉളവാക്കിയതെന്നാണ് *നിങ്ങൾ* വിചാരിക്കുന്നത്? അത് നിങ്ങളിൽ എന്ത് പ്രതികരണമാണ് ഉണ്ടാക്കിയത്? ആ രംഗത്തെ കുറിച്ച്, നിങ്ങളുടെ മനസിലേക്ക് വരുന്ന വാക്കുകൾ ഏതെല്ലാമാണ്: "തേജസ്," "പ്രൗഢി," "കാന്തി," "ശക്തി," "വീര്യം" എന്നിവയാണോ? ദൈവത്തിന്റെ മാഹാത്മ്യത്തോടുകൂടി നിങ്ങളുടെ മനസിലും ഹൃദയത്തിലും സ്വാധീനം ചെലുത്തുക എന്നതാണ് ദർശനത്തിന്റെ ഉദ്ദേശം! വിശദാംശങ്ങളുടെ ഉദ്ദേശം അവയുടെ ശ്രദ്ധ ആകർഷിക്കുകയല്ല, മറിച്ച്, ആശയത്തെ വലുതാക്കുക എന്നതാണ്.

ഇവിടെയാണ് മറ്റൊരു ചോദ്യം പരിഗണനക്കായി വരുന്നത്: ഈ ദർശനം യോഹന്നാനിൽ ഉണ്ടാക്കിയ *പ്രായോഗിക*ഫലം എന്ത്? യോഹന്നാൻ ദൈവത്തിന്റെ തേജസും മഹത്വവും ദർശിച്ചശേഷം, റോമിനെ കുറിച്ച് അവൻ മുൻപ് ചിന്തിച്ചതുപോലെ വീണ്ടും ചിന്തിപ്പാൻ അവന് കഴിഞ്ഞില്ല. ഡൊമിഷ്യന്റെ സിംഹാസനത്തെ ദൈവസിംഹാസനവുമായി താരതമ്മ്യം ചെയ്താൽ,

ഡൊമിഷ്യന്റേത്, ഉപയോഗശൂന്യമായി കുപ്പക്കൂമ്പാരത്തിലേക്ക് എറിയേണ്ട ഒരു സ്റ്റൂൾ പോലെ ആയിരുന്നു എന്നു കാണാം. അടുത്തത് ദൈവത്തിന്റെ മഹത്വത്തെ റോമിന്റെ പ്രൗഢിയെ താരതമ്യം ചെയ്താൽ, റോമിന്റേത് നിസാരമായ കാക്കപ്പൊന്നു മാത്രമാണ്. ദൈവത്തിന്റെ ശക്തിയെ റോമിന്റെ സൈന്യവുമായി താരതമ്യപ്പെടുത്തിയാൽ, റോമിന്റേത് നിസഹായമായി ജനിച്ച ശിശുപോലെ ആയിരുന്നു.

ദുഷ്ടചിന്തയുള്ളവർക്കെതിരെ യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുമ്പോഴുണ്ടാകുന്ന പ്രയാസം നിങ്ങൾക്ക് അറിയാമല്ലൊ. ചിലർക്ക്, അത്തരം ശക്തി ഒരു വിരോധ ഗവൺമെന്റിന്റേതാണ്. മറ്റു ചിലർക്ക്, അത് ദയയില്ലാത്ത ഒരു തൊഴിൽ ദാതാവിനെയോ, അവിശ്വാസമുള്ള കുടുംബത്തെ പോലെയോ, സഹകരണമില്ലാത്ത പങ്കാളിയെപോലെയോ. സ്നേഹമില്ലാത്ത അയൽക്കാരെപോലെയോ, അല്ലെങ്കിൽ പിന്തുണക്കാത്ത സ്നേഹിതന്മാരെപോലെയോ ആണ്. നമ്മുടെ കൈകൾ തളരുകയും കാലുകൾ ഇടറുകയും ചെയ്യുമ്പോൾ (ഗലാത്യർ 6:9; 2 തെസലൊനിക്യർ 3:13), നാം വീണ്ടും തലയുയർത്തി ദൈവത്തിന്റെ മഹത്വത്തെ നോക്കണം - സർവ്വശക്തിയുള്ളവനും, സ്നേഹവാനുമായ ദൈവം, നമ്മെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നുണ്ട് (റോമർ 8:35-39). ലോകത്തിലുള്ള മറ്റെല്ലാം - പ്രപഞ്ചത്തിലുള്ള മറ്റെല്ലാം - നമ്മുടെ ദൈവത്തിന്റെ അടുത്ത് മങ്ങിപ്പോകുന്നതായി കാണാം. ആ സത്യത്തിൽനിന്നു നമുക്ക് ആശ്വാസവും ശക്തിയും സംഭരിക്കാം.

## പ്രപഞ്ചത്തെ വാഴുന്നത് മനുഷ്യരല്ല - ദൈവമാണെന്ന് തിരിച്ചറിയുക (4:2-8)

ഇതുവരെ നാം ദർശനത്തെ മൊത്തത്തിൽ നോക്കി കാണുകയായിരുന്നു, ഇനി വിശദാംശങ്ങൾ നോക്കേണ്ട സമയമായി. സിംഹാസനത്തിലുണ്ടായിരുന്നവൻ (ഇപ്പോഴുമുള്ളവൻ) "ഇരുന്നവനും, ഇരിക്കുന്നവനും വരുന്നവനുമായ സർവ്വശക്തിയുള്ള കർത്താവായ ദൈവം ആണ്." (വാ. 8). അവനെ 4:5-ൽ പരിശുദ്ധാത്മാവിനോടുകൂടെ പറഞ്ഞിരിക്കയാലും, 5:13-ൽ യേശുവിനോടുകൂടെ (കുഞ്ഞാട്) പറഞ്ഞിരിക്കയാലും അത് പിതാവായ ദൈവം തന്നെ.

പിതാവിനെ വിവരിക്കുന്ന അസാധ്യമായ വെല്ലുവിളിയായിരുന്നു യോഹന്നാന് ഉണ്ടായിരുന്നത്. "ദൈവം ആത്മാവാകയാലും" (യോഹന്നാൻ 4:24), "ആരും ഒരിക്കലും ദൈവത്തെ കണ്ടിട്ടില്ലാത്തതിനാലും" (1 യോഹന്നാൻ 1:18), യോഹന്നാന് എങ്ങനെ അവനെ വിവരിക്കുവാൻ കഴിയും? "ദൈവം വെളിച്ചമാണെന്ന്" യോഹന്നാൻ മുൻപ് എഴുതിയിട്ടുണ്ട് (1 യോഹന്നാൻ 1:5; 1 തിമൊഥെയൊസ് 6:16 നോക്കുക). അതുകൊണ്ട് അവൻ ദൈവത്തെ വെളിച്ചത്തിലും നിറത്തിലും വിവരിക്കുവാൻ തുടങ്ങി[16]: "ഇരിക്കുന്നവൻ കാഴ്ച്ചക്ക് സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ; സിംഹാസനത്തിന്റെ ചുറ്റും കാഴ്ച്ചക്ക് മരതകത്തോട് സദൃശമായോരു പച്ചവില്ല്" (വാ. 3),

സൂര്യകാന്തം അറിയ-പ്പെടുന്ന ആഭരണമാണ് (യെഹെസ്ക്കേൽ 28:13), അത് മഹാപുരോഹിതന്റെ നെഞ്ചിലും (പുറപ്പാട് 28:20; 39:13), പുതിയ യെരുശലേമിന്റെ അടിസ്ഥാനത്തിലും കാണാം (വെളിപ്പാട് 21:18, 19). സൂര്യകാന്തം ചിലപ്പോൾ പച്ചയായി കാണപ്പെടുമെങ്കിലും, യോഹന്നാന്റെ മനസിൽ അത് വ്യക്തമായിരുന്നു[17] കാരണം അവൻ പിന്നീട് സ്വർഗീയ യെരുശലേമിന്റെ പകിട്ട് പറയുന്നു, "സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തം പോലെയുള്ള രത്നം"

(21:11). മഴവില്ലിന്റെ എല്ലാ നിറങ്ങളും[18] ചുറ്റും മിന്നി പ്രകാശിക്കുന്നതുപോലെയുള്ള രത്നത്തോടു ആ മാഹാത്മ്യത്തെ സാമ്യപ്പെടുത്തിയാൽ നിങ്ങൾക്ക് തെറ്റുപറ്റുകയില്ല. ശുദ്ധമായ സൂര്യകാന്ത പ്രഭ പ്രതിനിധീകരിക്കുന്നത് ദൈവത്തിന്റെ മഹത്വത്തെയാണ് (21:11), കൂടാതെ അത് അവന്റെ പരിശുദ്ധിയെയും വെളിപ്പെടുത്തുന്നു.

ബൈബിൾ കാലത്ത് വിലകൂടിയ രത്നമായിരുന്നു പത്മരാഗം. അതും, കൂടെ, മഹാപുരോഹിതന്റെ നെഞ്ചിൽ അണിഞ്ഞിരുന്നു (പുറപ്പാട് 28:17; കെജെവി), അത് സ്വർഗിയ നഗരത്തിന്റെ അടിസ്ഥാനഭാഗത്തുമുണ്ടായിരുന്നു (21:20). അത് ഇന്ന് കാർണേലിയൻ[19] എന്നറിയപ്പെടുന്ന ഒരു രത്നമാണെന്ന് പലരും കരുതുന്നു. അത് കടും ചുമപ്പ് നിറമുള്ളതും റൂബി പോലെ തോന്നിപ്പിക്കുന്നതുമാണ്.[20] "കാർണേലിയൻ രത്നം ഒരാളുടെ കയ്യിൽ പിടിച്ചാൽ, രത്നത്തിനകത്ത് തീ കത്തുന്നതുപോലെ തോന്നും."[21] ആ രത്നം ദൈവത്തിന്റെ അത്യുഗ്രമായ ക്രോധത്തെയായിരിക്കാം വർണ്ണിക്കുന്നത്.

മരതകം എന്നത് ഇന്ന് അതേപേരിൽ അറിയപ്പെടുന്ന രത്നം തന്നെയായിരിക്കാം, അത് കടും പച്ചനിറത്തിലുള്ളതാണ് - അത് ദൈവകരുണയെ സൂചിപ്പിക്കുന്നതാകാം.[22] അത്തരം വ്യാഖ്യാനം മഴവില്ലിന്റെ വർണ്ണനയോട് യോജിക്കുന്നതാണ്. ഉൽപത്തി 6 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്ന നോഹയുടേയും പെട്ടകത്തിന്റെയും സംഭവം വീണ്ടും വായിച്ച്, 9:8–17.[23] ലെ മഴവില്ലിന്റെ പ്രാധാന്യത്തെപറ്റി പറയുന്നത് പ്രത്യേകം ശ്രദ്ധിക്കുക. ദൈവത്തിന്റെ കരുണയെയും ക്രോധത്തെയും ഓർപ്പിക്കുന്നതാണ് മഴവില്ല്. പ്രത്യേകിച്ച്, ദൈവം തന്റെ വാഗ്ദാനം നിറവേറ്റുമെന്ന് സൂചിപ്പിക്കുന്നതാണ് മഴവില്ല്. ദൈവം നോഹയോട് ഒരു ഉടമ്പടി ചെയ്യുകയും, അവൻ അത് നിറവേറ്റുകയും ചെയ്തു. അതുകൊണ്ട് ദൈവം അവരെ സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുമെന്നതിന്റെ ഉറപ്പായിരുന്നു ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികൾക്ക് മഴവില്ല്.

കൂടാതെ, വാക്യം 5 സിംഹാസനത്തിലിരിക്കുന്നവന്റെ മറ്റൊരു വീക്ഷണം നൽകുന്നു: "സിംഹാസനത്തിൽനിന്ന് മിന്നലും, നാദവും, ഇടിമുഴക്കവും പുറപ്പെടുന്നു" (വാ. 5). സീനായ് പർവ്വതത്തിൽ ദൈവം പ്രത്യക്ഷപ്പെട്ട സംഭവമാണ് നമ്മുടെ മനസിലേക്ക് വരുന്നത് - ആളുകൾ വിറെച്ചു (പുറപ്പാട് 19:16). ഇടിമുഴക്കം തിരുവെഴുത്തിൽ, ദൈവത്തിന്റെ ശക്തിയെയാണ് കാണിക്കുന്നത്, പ്രത്യേകിച്ച് അവനെ കർത്താവായി അംഗീകരിക്കാത്തവരെ ശിക്ഷിക്കുന്ന ശക്തിയാണ് അത് കാണിക്കുന്നത് (1 ശമുവേൽ 2:10 നോക്കുക). ഭൂമിയെ പിളർക്കുവാനിരിക്കുന്ന മുന്നോടിയായിരുന്നു അദ്ധ്യായം 4 ലെ മിന്നലും ഇടിമുഴക്കവും (8:5; 11:19; 16:18 നോക്കുക).

യോഹന്നാൻ പറഞ്ഞു, "ദൈവത്തിന്റെ ഏഴ് ആത്മാക്കളായ ഏഴ് ദീപങ്ങൾ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു" (വാ. 5). "ഏഴ് ആത്മാക്കൾ" പരിശുദ്ധാത്മാവാണ്,[24] "കത്തിക്കൊണ്ടിരിക്കുന്നഏഴ് വിളക്കുകളെ" കുറിച്ച് വായിക്കുമ്പോൾ നിങ്ങളുടെ മനസിലേക്ക് വരുന്നത് സമാഗമനകൂടാരത്തിൽ കത്തിക്കൊണ്ടിരിക്കുന്ന ഏഴ് നിലവിളക്കുകളായിരിക്കും.[25] വെളിച്ചത്തിന്റെ ഉറവിടം വിശുദ്ധസ്ഥലമായിരുന്നു (പുറപ്പാട് 25:31–37; 40:24). പരിശുദ്ധാത്മാവ് വചനം നൽകിയത് (2 പത്രൊസ് 1:21) നമ്മുടെ ആത്മിയ പ്രകാശത്തിനാണ് (സങ്കീർത്തനങ്ങൾ 119:105).[26] സിംഹാസനത്തിന്റെ പ്രൗഢി കൂട്ടുന്നതായിരുന്നു ഏഴ് ജ്വാലകൾ.

അടുത്ത വിശദീകരണം പണ്ഡിതന്മാരെ അമ്പരിപ്പിച്ചിട്ടുണ്ട്: ഇരുപത്തു-നാല് മൂപ്പന്മാരും നാല് ജീവികളും. സാധ്യമായ അർത്ഥങ്ങൾ നാം ആരാഞ്ഞുകൊണ്ട്, രത്നങ്ങളുടേയും, മഴവില്ലിന്റേയും, ഇടിമുഴക്കത്തിന്റേയും അലങ്കാരത്തിന്റെ ഉദ്ദേശം തന്നെയാണ് ഇവിടെയുമുള്ളത് എന്ന കാര്യം നാം വിട്ടുകളയരുത് – ദൈവത്തിന്റെ മാഹാത്മ്യം വിവരിക്കുകയാണ്.

ആരായിരുന്നു ആ പ്രായമുള്ള ഇരുപത്തി-നാല് പേർ? "ജയിക്കുന്ന" ക്രിസ്ത്യാനികൾക്ക് കർത്താവ് വാഗ്ദാനം ചെയ്ത മൂന്ന് അനുഗ്രഹങ്ങൾ അവർക്കുണ്ടായിരുന്നതായി നിരീക്ഷിക്കുക: അവർ വാണുകൊണ്ടിരുന്നു (2:26, 27; 3:21 നോക്കുക), അവർ ഉടുപ്പ് ധരിച്ചിരുന്നു (3:5 നോക്കുക), അവരിൽ വിജയകിരീടവുമുണ്ടായിരുന്നു (2:10 നോക്കുക). വിജയികളായിത്തീർന്ന ക്രിസ്ത്യാനികളെയാണ്[27] ഇത് ഓർപ്പിക്കുന്നത്. പിന്നെ, ഇരുപത്തി-നാലിനുള്ള, പ്രാധാന്യം എന്താണ്? ഈ സംഖ്യ പന്ത്രണ്ട് (പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യ) രണ്ടിന്റെ വർദ്ധനവാണ് കാണിക്കുന്നത്[28] – ഇരുപത്തി-നാല് പ്രതിനിധീകരിക്കുന്നത് "മരണപര്യന്തം വിശ്വസ്തരായിരുന്നവരെ" *എല്ലാ*വരേയുമാണ് (2:10).[29]

എങ്ങനെയായാലും, ആ അലങ്കാരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വശം, വാക്യം 10 ലും 11 ലും കാണാം: ആ വയോധികന്മാരായ പിതാക്കന്മാർ തങ്ങളുടെ കിരീടങ്ങൾ സിംഹാസനത്തിന് മുമ്പിലിട്ടു[30] ദൈവത്തിന്റെ മുമ്പിൽ വീണ് പാടി, "മഹത്വവും, ബഹുമാനവും, ശക്തിയും കൈക്കൊൾവാൻ *നീ* യോഗ്യൻ; ..." (എംഫസിസ് മൈൻ). (ഈ പാഠത്തിന്റെ അവസാനം വരുന്ന "മൂപ്പന്മാരിൽ ഒരാൾ തന്റെ കിരീടം സിംഹാസനത്തിന്റെ മുമ്പിൽ ഇട്ടു" എന്ന ചിത്രീകരണം നോക്കുക.) അവർ കണ്ട മഹത്വം എന്തുതന്നെയായാലും, അത് പ്രതിബിംബിക്കുന്ന ഒന്നായിരുന്നു; അവരുടെ ബഹുമതികൊണ്ടായിരുന്നില്ല അവർക്ക് ലഭിച്ച ഉയർന്ന സ്ഥാനം. പുകഴ്ച്ചക്ക് യോഗ്യൻ ദൈവം മാത്രമാണ്.

ആ ദർശനത്തിന്റെ ഏറ്റവും അസാധാരണഭാഗത്താണ് നാം ഇപ്പോൾ എത്തിയിരിക്കുന്നത്: നാല് ജീവികളും[31] അനേക ചിറകുകളും കണ്ണുകളും. (ഈ പാഠത്തിന്റെ അവസാനം വരുന്ന "സിംഹാസനത്തിനു ചുറ്റും നാല് ജീവികൾ" എന്ന ചിത്രീകരണം നോക്കുക.) ആ "നാല് ജീവികളുടെ" (4:6; എൽബി) മുൻഗാമികളെ ദർശനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് യെശയ്യാവ് 6 ലും യെഹെസ്ക്കേൽ 1; 10 ലും കാണാം. വെളിപ്പാട് 4 ലെ മനോഹരസംഖ്യയായ നാല്, മുൻപ് യെശയ്യാവിലും യെഹെസ്ക്കേലിലും കണ്ട ജീവികളുടെ പൂർണ്ണതയെ[32] ആണ് സൂചിപ്പിക്കുന്നത്. (ഈ പാഠത്തിൽ അവസാനം വരുന്ന "പ്രവചന ദർശനങ്ങളിലെ ജീവികൾ" എന്ന ചാർട്ട് നോക്കുക.)

വെളിപ്പാട് 4 ലെ ദർശനത്തിൽ വിവരിക്കുന്ന ആദ്യഭാഗം *യെഹെസ്ക്കേലിലെ* ദർശനവുമായി ബന്ധപ്പെട്ടതാണ്: നാല് ജീവികളുണ്ടായിരുന്നു (യെഹെസ്ക്കേൽ 1:5) യെഹെസ്ക്കേലിലെ ജീവികൾക്ക് "ചക്രങ്ങളുണ്ടായിരു" ന്നതുപോലെ "നിറയെ കണ്ണുകളുമുണ്ടായിരുന്നു" (യെഹെസ്ക്കേൽ 1:16–18). യെഹെസ്ക്കേലിലെ ജീവികൾക്ക് നാല് മുഖങ്ങളുണ്ടായിരുന്നു (യെഹെസ്ക്കേൽ 1:10), എന്നാൽ വെളിപ്പാട് 4 ലെ ജീവികൾക്ക് ഓരോ മുഖമാണുണ്ടായിരുന്നത്;[33] പക്ഷെ മുഖങ്ങൾ യെഹെസ്ക്കേൽ വിവരിച്ചതുപോലെ തന്നെ ആയിരുന്നു: ഒരു സിംഹം, ഒരു കാള–ക്കിടാവ്,[34] ഒരു മനുഷ്യൻ, ഒരു കഴുകൻ. വെളിപ്പാട് 4 ലെ ദർശനത്തിന്റെ ശേഷിച്ച ഭാഗം *യെശയ്യാവിലെ* ദർശനവുമായി ബന്ധപ്പെട്ടിരിക്കുന്നു: ജീവികൾക്ക് ആറ് ചിറകുകളുണ്ടായി

രുന്നു (യെശയ്യാവ് 6:2).[35] "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്ന് ആർത്തുകൊണ്ടിരുന്നു (യെശയ്യാവ് 6:3).

വിശദാംശങ്ങൾ ഓരോന്നും ജീവികൾ എത്രമാത്രം ശ്രദ്ധേയമാണെന്ന് ഊന്നൽ നൽകുകയാണ്: അവയ്ക്ക് "നിറയെ കണ്ണുകൾ" ഉണ്ടായിരുന്നതു കൊണ്ട്-എല്ലാം-അറിയാമായിരുന്നു. അവ സിംഹത്തെപോലെ ധൈര്യശാലി കളും, കാളയെപോലെ ശക്തിയുള്ളവയും, മനുഷ്യനെപോലെ കുശാഗ്രബുദ്ധി യുള്ളവയും, കഴുകനെപോലെ വേഗതയുള്ളവയും ആയിരുന്നു.[36] അവയ്ക്ക് അനേക ചിറകുകളുണ്ടായിരുന്നതുകൊണ്ട് യജമാനന്റെ സേവനത്തിനായി എവിടേയും പറന്നെത്തുവാൻ കഴിഞ്ഞിരുന്നു.

ആ അവിശ്വസനീയമായ ജീവികൾ ആരായിരുന്നു അല്ലെങ്കിൽ എന്തായി രുന്നു? യെശയ്യാവിലെ ജീവികളെ വിളിച്ചിരുന്നത്, "സാറാഫുകൾ" എന്നാണ് (യെശയ്യാവ് 6:2, 6).[37] യെഹെസ്ക്കേൽ അദ്ധ്യായം 10-ൽ ജീവികളെ വിളിച്ചിരു ന്നത്, "കെരൂബുകൾ" എന്നാണ് (പ്രത്യേകിച്ച് വാക്യം 15 ലും 20 ലും).[38] ദൈവ ത്തിന്റെ സൃഷ്ടികളിൽ ഏറ്റവും ഉയർന്ന സ്ഥാനമാണ് സാറാഫുകൾക്കും കെരൂബുകൾക്കും ഉള്ളതെന്ന് പറയപ്പെടുന്നു. ഒരുപക്ഷെ ദൂതന്മാർക്കിടയിലെ രണ്ട് പ്രമുഖ സ്ഥാനമാകാം.[39] ഒരുപക്ഷെ അതായിരിക്കാം യോഹന്നാന്റെ വിവരണത്തിലെ ജീവികൾ - അല്ലെങ്കിൽ അവ എല്ലാ സൃഷ്ടികളെയും[40] ആലങ്കാരികമായി പ്രതിനിധീകരിക്കയാകാം. അവ ദൈവസ്വഭാവത്തെ ഓർപ്പി ക്കുന്ന സ്വർഗീയന്മാരുമാകാം.

അവർ *ചെയ്ത*തിനേക്കാൾ പ്രാധാന്യമുള്ളതല്ല അവർ *ആരായിരുന്നു* അല്ലെങ്കിൽ എന്തായിരുന്നു എന്നത്. അവ കാണപ്പെട്ടതുപോലെ സ്വപ്രശംസ ക്കാരായിരുന്നില്ല, മറിച്ച് പിതാവിന് മഹത്വം കരേറ്റുന്നവരായിരുന്നു: "സർവ്വ ശക്തിയുള്ള കർത്താവായ ദൈവം, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ"!

ഒരു കാര്യം കൂടെ ശ്രദ്ധിച്ചാൽ, നാം വിശദീകരണങ്ങൾ നോക്കിക്കൊണ്ടി രിക്കുന്നതു തീരും. (നാം വിശദാംശങ്ങളിൽ അമിതപ്രാധാന്യം കൊടുക്കാതിരി പ്പാൻ ശ്രമിക്കുക!) ഞാൻ വാക്യം 6 ലെ ആദ്യഭാഗം ഇപ്പോഴാകട്ടെ എന്നു വെച്ച് മാറ്റി വെച്ചിരിക്കയായിരുന്നു: "സിംഹാസനത്തിന്റെ മുമ്പിൽ, പളുങ്കിനൊത്ത കണ്ണാടിക്കടൽ."[41] കടലിന്റെ ഭാവന വെളിപ്പാടിൽ ഇടക്കിടക്ക് വരുന്നുണ്ട്.[42] ഇവിടെ, അന്തർലീനമായിരിക്കുന്നത്, നാം ജഡത്തിലായിരിക്കുമ്പോഴെല്ലാം ന മുക്കും ദൈവത്തിനും മദ്ധ്യേ ഒരു തടസം ഉണ്ടായിരിക്കുമെന്നതാണ് - പളുങ്ക് കടൽ യോഹന്നാനെ സിംഹാസനത്തിൽനിന്നു മറച്ചതുപോലെ ആയിരിക്കും അത്.[43] "ആകാം," "ഒരുപക്ഷെ" എന്നിവയെ കുറിച്ചൊന്നും അധികം വിചാ രപ്പെടരുത്. പിന്നെയോ, യോഹന്നാൻ കണ്ട ദർശനം കാണുകയും "കടൽ" പോലെ വിശാലമായ ദൈവത്തിന്റെ പ്രവൃത്തിയിൽ ശ്രദ്ധിക്കുകയും ചെയ്യുക.

തെളിഞ്ഞ തടാകങ്ങളുടെ കരയിൽനിന്ന്, ഉയർന്നു നിൽക്കുന്ന വൃക്ഷ ങ്ങളുടേയും, പർവ്വതങ്ങളുടേയും, മേഘം-നിറഞ്ഞ ആകാശത്തിന്റെയും പ്ര തിബിംബങ്ങൾ നോക്കി അതിശയിച്ചിട്ടുണ്ട്. എന്നാൽ യോഹന്നാൻ കണ്ട കാഴ്ച്ച അതിനേക്കാൾ എത്രയും വിസ്മയിപ്പിക്കുന്നതും പ്രചോദിപ്പിക്കുന്ന തുമായിരുന്നു: ഇരുപത്തി-നാല് സിംഹാസനങ്ങളും, ആദരണീയരായവർ അതിൽ ആസനസ്ഥനായിരിക്കുന്നതും; നാല് ആകർഷണിയ ജീവികൾ; ജ്വലിക്കുന്ന ഏഴ് ദീപങ്ങൾ; കണ്ണഞ്ചിപ്പിക്കുന്ന പ്രകാശമുള്ള സിംഹാസനം, വിശാലമായ മേഘങ്ങളും, മിന്നലിന്റെ വെളിച്ചവും - എല്ലാം കണ്ണാടിക്കടലിൽ കൂടെയാണ് കാണുന്നത്!

ആ രംഗം നിങ്ങൾ മനസിൽ കൊണ്ടുവരുമ്പോൾ, ശ്രദ്ധിക്കേണ്ടത്, സിംഹാസനമാണ്. “സിംഹാസനം” (അല്ലെങ്കിൽ “സിംഹാസനങ്ങൾ”) എന്ന വാക്ക് അദ്ധ്യായം 4-ൽ പതിനാല് പ്രാവശ്യം വരുന്നുണ്ട്.[44] കണ്ടതായ മറ്റെല്ലാം സിംഹാസനവുമായി *ബന്ധപ്പെട്ടതാണ്*. ഇരുപത്തി-നാല് മൂപ്പന്മാർ “സിംഹാസനത്തിനു *ചുറ്റും*” ആണിരുന്നത് (വാ. 4); “സിംഹാസനത്തിൽ *നിന്ന്*” മിന്നലും ഇടിമുഴക്കവും വന്നു (വാ. 5); ഏഴ് ആത്മാക്കളും പളുങ്കു കടലും “സിംഹാസനത്തിന് *മുമ്പിലായിരുന്നു*” (വാ. 5, 6); നാല് ജീവികൾ “സിംഹാസനത്തിന്റെ *നടുവിലും ചുറ്റിലുമായിരുന്നു*” (വാ. 6); എല്ലാ ആരാധനയും *ലക്ഷ്യമാക്കിയത്* സിംഹാസനമായിരുന്നു (വാ. 9, 10). (എംഫസിസ് മൈൻ.)

ജെ. ഡബ്ലിയു. റോബെർട്ട്സ് പറഞ്ഞു, “വെളിപ്പാട് [പുസ്തകത്തിലെ] മുഖ്യമായ ഉപദേശം, ക്രിസ്തീയ വിശ്വാസത്തിന്റെ മുഴുവൻ ഉപദേശമാണ്.” അതായത്, “പ്രപഞ്ചത്തിന്റെ കേന്ദ്രശക്തിയായി ഉള്ളത് നിത്യദൈവമാണ്”.[45] ദൈവത്തിന്റെ കരുണയാൽ - ഡൊമിഷ്യനെ താൽക്കാലികമായി - സിംഹാസനത്തിലിരുത്തിയിരിക്കുന്നു, പക്ഷെ അവനെ ഏതു സമയത്തും സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്യും. എല്ലാ സിംഹാസനങ്ങൾക്കും മുകളിലാണ് ദൈവത്തിന്റെ സിംഹാസനം!

ഇന്ന് നാം അത് മനസിലാക്കണം. ലോകത്തിലുള്ള ഏതാനും പേരുടെ ശ്രദ്ധാകേന്ദ്രം റോമായിരുന്നു, എന്നാൽ പലരും യോഗ്യമല്ലാത്ത സമ്പാദ്യത്തിലും, നേട്ടത്തിലും, അഭിമാനത്തിലും, പ്രചാരത്തിലും, ശക്തിയിലും ആണ് ശ്രദ്ധ ചെലുത്തിയത്. വേറെ ചിലർക്ക് അനീതിയും, അപകടങ്ങളുമാണ് കാണുവാൻ കഴിയുന്നത്, മറ്റുള്ളവ എല്ലാം കുറച്ചു മാത്രമെ കാണുവാൻ കഴിയുന്നുള്ളു. “ഒരു വിഡ്ഢിയുടെ കഥയിൽ ജീവിതം, നിറയെ ശബ്ദകോലാഹലങ്ങളും അമർഷങ്ങളുമല്ലാതെ മറ്റൊന്നുമല്ല”[46] എന്ന് പറഞ്ഞിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. ദൈവത്തിന്റെ സിംഹാസനം കേന്ദ്രഭാഗത്തില്ലെങ്കിൽ ജീവിതം അർത്ഥശൂന്യമാകും.

സങ്കീർത്തനക്കാരൻ പറഞ്ഞു, “യഹോവ വാഴുന്നു, അവൻ മഹിമ ധരിച്ചിരിക്കുന്നു, യഹോവ ബലം ധരിച്ചു അരെക്കു കെട്ടിയിരിക്കുന്നു” (സങ്കീർത്തനങ്ങൾ 93:1). ഓ. ഡബ്ലിയു. ഹോംമ്സ് എഴുതി:

> സർവ്വത്തിന്റേയും കർത്താവ്, ദൂരെ സിംഹാസനാരൂഢനായിരിക്കുന്നു,
> സൂര്യനിൽനിന്നും നക്ഷത്രത്തിൽനിന്നും നിന്റെ തേജസ് ജ്വലിക്കുന്നു;
> എല്ലാ പ്രതലത്തിന്റേയും കേന്ദ്രവും ആത്മാവുമായിരിക്കുന്നു,
> എങ്കിലും സ്നേഹിക്കുന്ന ഓരോ ഹൃദയത്തിനും എത്ര അടുത്താണ്![47]

*പ്രപഞ്ചത്തിന്റെ* കേന്ദ്രമായി ദൈവസിംഹാസനത്തെ കാണുകയും - പിന്നെ അത് ജീവിതത്തിന്റെ കേന്ദ്രമാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഈ പാഠത്തിന്റെ ഒരു വെല്ലുവിളി. *നിങ്ങളുടെ* കാഴ്ച്ചപ്പാടിന് ഒന്നും ചെയ്യുവാൻ സാധ്യമല്ല എന്നു മനസിലാക്കി, അവന്റെ ഹിതം നടപ്പാക്കുക.

## ദൈവം, ദൈവം മാത്രമാണ് - പുകഴ്ച്ചക്ക് യോഗ്യൻ എന്നു തിരിച്ചറിയുക (4:8-11)

രംഗം പരിശോധിച്ച ശേഷം, നാം ശ്രദ്ധേയമായ ആരാധനയിലേക്ക് വരികയാണ്. നാല് ജീവികളെ കുറിച്ച് വിവരിച്ച ശേഷം, യോഹന്നാൻ പറഞ്ഞു,

“ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായ സർവ്വശക്തിയുള്ള കർത്താവായ ദൈവം ‘പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, എന്ന് രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരുന്നു’ ” (4:8).

ജീവികൾ ആദ്യം ദൈവത്തിന്റെ *പരിശുദ്ധിയെ* പ്രകീർത്തിച്ചു. എബ്രായർ വിശേഷണോത്തമമായി ഉപയോഗിക്കുന്ന രീതിയാണ് “പരിശുദ്ധൻ” എന്ന് മൂന്നു പ്രാവശ്യം ആവർത്തിക്കുന്നത്: ദൈവം ഉയർന്ന *പരിശുദ്ധൻ* ആണ്; അവൻ *ഏറ്റവും വലിയ* പരിശുദ്ധൻ ആണ്; പിന്നെ അവർ അവന്റെ *ശക്തിയെ* അംഗീകരിക്കുന്നു: അവൻ “സർവ്വശക്തിയുള്ള കർത്താവായ ദൈവമാണ്” ഡൊമിഷ്യൻ ആ നാമം പിടിച്ചെടുക്കാൻ ശ്രമിച്ചേക്കാം, പക്ഷെ അത് ദൈവത്തിനു മാത്രമുള്ളതാണ്. അവസാനമായി, വിചിത്രവും അസാധ്യവുമായ ഗാനത്താൽ[48] ദൈവത്തിന്റെ *സ്ഥിരതയെ* വർണ്ണിക്കുന്നു: “ഇരുന്നവനും ഇരിക്കുന്നവനും വരുന്നവനുമായവൻ.”[49] ലോകം മാറിക്കൊണ്ടിരിക്കും, എന്നാൽ ദൈവം ഒരിക്കലും മാറുകയില്ല.

എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായി സിംഹാസനത്തിൽ ഇരിക്കുന്നവന്ന് ആ ജീവികൾ “മഹത്വവും, ബഹുമാനവും, സ്തോത്രവും കൊടുക്കുമ്പോൾ” (വാ. 9), ഇരുപത്തി-നാല് മൂപ്പന്മാർ “സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ” വീണ് “എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ നമസ്ക്കരിച്ചു” (വാ. 10). നമസ്ക്കാരം പകരുന്നതാണ്!

മൂപ്പന്മാർ തങ്ങളുടെ കിരീടങ്ങൾ “സിംഹാസനത്തിന് മുമ്പിൽ ഇട്ടു” (വാ. 10), “എല്ലാ നല്ല ദാനങ്ങളും അവങ്കൽനിന്നാണ് വരുന്നതെന്ന്” സമ്മതിച്ചു (യാക്കൊബ് 1:17). (ഈ പാഠത്തിന്റെ അവസാനമുള്ള “ഒരു മൂപ്പൻ തന്റെ കിരീടം സിംഹാസനത്തിന്റെ മുമ്പിൽ ഇട്ടു” എന്ന ചിത്രീകരണം നോക്കുക.) പിന്നെ, അവർ നിയന്ത്രണം പാലിച്ചുകൊണ്ട്: “കർത്താവേ, നീ മഹത്വവും, ശക്തിയും, ബഹുമാനവും, കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞു” (വാ. 11). മൂല ഗ്രന്ഥത്തിൽ “മഹത്വവും,” “ശക്തിയും,” “ബഹുമാനവും” എന്ന ഓരോ വാക്കും (“ദ”) എന്ന ഡെഫനിറ്റ് ആർട്ടിക്കിളോടുകൂടിയാണ് ഉപയോഗിച്ചിരിക്കുന്നത് - പുകഴ്ച്ചക്ക് ഉപയോഗിച്ചിരിക്കുന്ന ഈ പ്രകടനങ്ങൾ ദൈവത്തിന് മാത്രം യോഗ്യമെന്നാണ് സൂചിപ്പിക്കുന്നത്.

ഭൂമിയിൽ ദൈവത്തെ നമസ്ക്കരിക്കുവാൻ മനുഷ്യർ പലരും വൈമുഖ്യം കാണിക്കുമ്പോൾ, ആ അത്ഭുതജീവികൾ എപ്പോഴും ദൈവത്തെ നമസ്ക്കരിച്ചുകൊണ്ടാണിരിക്കുന്നത് എന്നത് അതിശയിപ്പിക്കുന്നില്ലേ? തന്റെ രൂപത്തിൽ നിർമ്മിച്ചതായ മനുഷ്യർ ലോകത്തിലെ പല കാര്യങ്ങളിലും ആളുകളെ വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യുമ്പോൾ സൃഷ്ടികർത്താവിനെ പുകഴ്ത്താതിരിക്കുന്നത് ഖേദകരമല്ലേ?

“ദൈവത്തെ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കുന്ന” നിങ്ങളും ഞാനും ദൈവത്തെ പുകഴ്ത്തുവാൻ ശീലിക്കണം (യോഹന്നാൻ 4:24), കാരണം ആരാധനയുടെ മുഖ്യഭാഗം സ്തുതിയാണ്. “യോഗ്യത വിവരിക്കുക” എന്നർത്ഥം വരുന്ന ഒരു പഴയ ഇംഗ്ലീഷ് വാക്കിൽനിന്നാണ് “വർഷിപ്” എന്ന വാക്ക് നമുക്ക് കിട്ടിയിരിക്കുന്നത്. തിരിച്ചറിഞ്ഞ് ദൈവത്തിന്റെ യോഗ്യതയെ പ്രഖ്യാപിക്കുന്നതാണ് ആരാധനയുടെ അന്തസത്ത. സങ്കീർത്തനക്കാരൻ ഈ കൽപന നൽകിയിരിക്കുന്നു:

> ജാതികളുടെ കുലങ്ങളേ യഹോവെക്ക് കൊടുപ്പിൻ, മഹത്വവും ബലവും;

യഹോവെക്ക് കൊടുപ്പിൻ. യഹോവെക്ക് അവന്റെ നാമത്തിന്നു തക്ക മഹത്വം കൊടുപ്പിൻ, തിരുമുൽക്കാഴ്ച്ചയുമായി അവന്റെ പ്രാകാരങ്ങളിൽ ചെല്ലുവിൻ; വിശുദ്ധ വസ്ത്രാലങ്കാരത്തോടെ യഹോവയെ നമസ്ക്കരിപ്പിൻ, സകല ഭൂവാസികളുമായുള്ളോരേ അവന്റെ മുമ്പിൽ നടുങ്ങുവിൻ (സങ്കീർത്തനങ്ങൾ 96:7-9).

ഇങ്ങനെ നാം അവനെ പുകഴ്ത്തുമ്പോൾ, നമുക്ക് ചുരുങ്ങിയത് നാല് അനുഗ്രഹങ്ങളാണ് ലഭിക്കുന്നത്: പുതുക്കമുള്ള ഒരു ദൈവഭയം നമ്മിൽ വരും, ആഴമേറിയ അവന്റെ സാന്നിധ്യബോധം നമ്മിൽ വരും, അവൻ നമുക്ക് വേണമെന്ന അറിവ് നമ്മിൽ വർദ്ധിക്കും, നമ്മോടൊപ്പം ആരാധിക്കുന്നവരോട് ഒരടുത്ത ബന്ധം സ്ഥാപിക്കുവാനും കഴിയും.

## നമ്മുടെ ഇഷ്ടമല്ല - ദൈവേഷ്ടം ചെയ്യലാണ് നമ്മുടെ ലക്ഷ്യമെന്ന് മനസിലാക്കുക (4:11)

എന്നേക്കും ശക്തനും, പരിശുദ്ധനുമായ ദൈവത്തെ നാല് ജീവികൾ പുകഴ്ത്തിക്കൊണ്ടിരുന്നു. അടുത്തതായി, ഇരുപത്തി-നാല് മൂപ്പന്മാർ സൃഷ്ടികർത്താവായ ദൈവത്തെ പുകഴ്ത്തിക്കൊണ്ടിരുന്നു: "കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും, എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ ... മഹത്വവും ശക്തിയും പുകഴ്ച്ചയും കൈക്കൊൾവാൻ യോഗ്യൻ" (വാ. 11).

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" എന്നാണ് ബൈബിളിൽ *ആദ്യം* നാം വായിക്കുന്നത് (ഉൽപത്തി 1:1). ബൈബിളിന്റെ *നടുവിൽ* നാം വായിക്കുന്നു, "അവൻ കൽപിച്ചിട്ടു അവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" (സങ്കീർത്തനങ്ങൾ 148:5). ബൈബിളിന്റെ *അവസാനഭാഗത്ത്* നാം വായിക്കുന്നു, "സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു ... അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" (കൊലൊസ്യർ 1:16; പ്രവൃത്തികൾ 17:24; എബ്രായർ 11:3 നോക്കുക). "മനുഷ്യൻ പല നേട്ടങ്ങളും കൈവരിച്ചിട്ടുണ്ട്, പക്ഷെ സൃഷ്ടിക്കുവാനുള്ള ശക്തി അവന് ആർജിക്കുവാനായില്ല. അവന് പലതും മാറ്റി പുനക്രമീകരിക്കുവാൻ കഴിയും; സൃഷ്ടിക്കപ്പെട്ടവയിൽ നിന്നെന്തെങ്കിലും ഉണ്ടാക്കുവാനേ അവനു കഴിയു; എന്നാൽ ഒന്നുമില്ലായ്മയിൽനിന്ന് എന്തെങ്കിലും ഉണ്ടാക്കുവാൻ ദൈവത്തിന് മാത്രമെ കഴുയു."[50]

വാക്യം 11 ഞാൻ വായിച്ചപ്പോൾ, അതിശയിക്കപ്പെട്ട മൂന്നു ചോദ്യങ്ങൾ എന്നെ ഓർപ്പിക്കയുണ്ടായി: "ഞാൻ എവിടെനിന്നു വന്നു?"; "ഞാൻ എന്തിനാണ് ഇവിടെ?"; "ഞാൻ എവിടെ പോകുന്നു?" ഈ വേദഭാഗം രണ്ടു ചോദ്യങ്ങൾക്ക് നേരിട്ടും മൂന്നാമത്തേതിന് അന്തർലീനമായും ഉത്തരം നൽകുന്നു.

"*ഞാൻ എവിടെനിന്നു വന്നു?*" ഞാൻ ദൈവത്തിൽനിന്നു വന്നു: "നീ സകലവും സൃഷ്ടിച്ചിരിക്കുന്നു." ഞാൻ അന്ധമായ യാദൃശ്ചികതയുടെ ഫലമല്ല, അല്ലെങ്കിൽ ചില സങ്കല്പ പരിണാമസിദ്ധാന്തഫലവുമല്ല. മറിച്ച്, ഞാൻ ദൈവത്തിന്റെ പ്രത്യേക സൃഷ്ടിയാണ്. ഞാൻ അവന്റെ രൂപത്തിൽ നിർമ്മിക്കപ്പെട്ടു - നിങ്ങളും അങ്ങനെ തന്നെ. "താൻ എല്ലാവർക്കും ജീവനും ശ്വാസവും എല്ലാം കൊടുക്കുന്നവൻ" (പ്രവൃത്തികൾ 17:25).

"*എന്തിനാണ് ഞാൻ ഇവിടെ?*" ദൈവേഷ്ടഫലമാണ് ഞാനിവിടെ ("നിന്റെ ഇഷ്ടം കൊണ്ടാണ് അവർ നിലനിൽക്കുന്നത്"), അവന്റെ ഇഷ്ടം നിറവേറ്റുക എന്നതാണ് എന്റെ ജീവിതലക്ഷ്യം. എന്നെ ഭൂമിയിലാക്കിയിരിക്കുന്നത്, ആശ്വസിക്കുന്നതിനോ, വിനോദം കൊണ്ട് നിറക്കുന്നതിനോ അല്ലെങ്കിൽ ലോകം വിജയത്തെ നിർവ്വചിക്കുന്നതുപോലെ വിജയിക്കുന്നതിനോ അല്ല. കെജെവിയിലെ പദപ്രയോഗം ഉപയോഗിച്ചാൽ, നിങ്ങളും ഞാനും ഇവിടെ ആയിരിക്കുന്നത് അവനെ "സന്തോഷിപ്പിക്കുവാൻ" ആണ് (വാ. 11).

"*ഞാൻ എവിടെ പോകുന്നു?*" ഒരിക്കൽ ഞാൻ എന്നെ സൃഷ്ടിച്ച ദൈവത്തെ കാണുകയും ഭൂമിയിലെ എന്റെ ജീവിതം ഞാൻ എങ്ങനെ നിറവേറ്റി എന്നതിന് കണക്ക് കൊടുക്കയും വേണം (20:11–15 നോക്കുക). "ആകയാൽ നാം ഓരോരുത്തരും ദൈവത്തിന് കണക്ക് കൊടുക്കേണ്ടതാകുന്നു" (റോമർ 14:12); "അതിലുപരി, നാം ... വിശ്വസ്ത ഗൃഹവിചാരകന്മാരായിരിക്കണം" (1 കൊരിന്ത്യർ 4:2). അതിനേക്കാൾ വലിയൊരു സത്യത്തെ നിങ്ങളും ഞാനും അഭിമുഖീകരിക്കുകയില്ല.

**ഉപസംഹാരം**

ബർട്ടൻ കോഫ്മാൻ പറഞ്ഞു, "ഈ പ്രപഞ്ചത്തിനൊക്കെ ഒരു നിയന്ത്രണകേന്ദ്രമുണ്ടെന്ന് അറിയുന്നതാണ് ഏറ്റവും മുഖ്യമായ കാര്യം."[51] ഭൂമിയിൽ എത്ര തെറ്റിദ്ധാരണകളുണ്ടെങ്കിലും, സ്വർഗത്തിൽ എല്ലാം ക്രമമായിരിക്കുന്നു. നമുക്ക് ചുറ്റും എന്തൊക്കെ മാറിയാലും, ദൈവം ഒരിക്കലും മാറുകയില്ല. നമുക്ക് ഏത്രമാത്രം ഏകാന്തത അനുഭവപ്പെട്ടാലും, ദൈവം നമ്മെ ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല. വെളിപ്പാട് 4 ന്റെ സന്ദേശം, ദൈവം തന്റെ സിംഹാസനം ഉപേക്ഷിച്ചിട്ടില്ല എന്നതാണ്.

നാം ദൈവത്തിന്റെ സിംഹാസനമുറി നോക്കുമ്പോൾ, നമ്മുടെ ജീവിതത്തിലെ എല്ലാ സങ്കീർണ്ണ പ്രശ്നങ്ങൾക്കും ഉത്തരം നൽകുന്നുണ്ടോ? ഇല്ല, എന്നാൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഉത്തരം നൽകുന്നുണ്ട്: സംഭവിക്കുന്നതെല്ലാം, എന്തുകൊണ്ടാണെന്ന് നാം മനസിലാക്കിയാലും ഇല്ലെങ്കിലും, ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നതെന്നും അവൻ എല്ലാം നേരെയാക്കുമെന്നും നാം ഉറപ്പാക്കണം! അതാണ് അവൻ നമുക്ക് ഉറപ്പ് നൽകിയിരിക്കുന്നത്.

കുഞ്ഞാടിനെയും ദൈവത്തിന്റെ ദാനത്തെയും, നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശത്തെയും വ്യക്തമാക്കിക്കൊണ്ട്, നമ്മുടെ മനസിലാക്കൽ വിപുലമാക്കുകയാണ് അദ്ധ്യായം 5. നമ്മുടെ പഠനം നാം തുടരുമ്പോൾ, ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളിൽ ദൈവം എങ്ങനെ പ്രവർത്തിക്കുന്നു ഉന്ന ഉൾക്കാഴ്ച്ച നമുക്ക് ലഭിക്കും.

എങ്ങനെയായാലും, ഇപ്പോൾ, ഈ പാഠത്തിൽ പഠിച്ചതിനാൽ നമുക്ക് ശക്തിപ്പെടാം. "ഹോളി, ഹോളി, ഹോളി" എന്ന ഗാനത്തിൽ, റെജിനാൾഡ് ഹെബെർ ദർശനത്തിന്റെ അന്തസത്ത എടുത്തുകാണിക്കുന്നു.

ശുദ്ധാ, ശുദ്ധാ, ശുദ്ധാ, സർവ്വശക്താ ദേവാ!
ഭക്തഗീതം കാലേ ഞങ്ങൾ അങ്ങ്
ഉയർത്തുമേ;
ശുദ്ധാ ശുദ്ധാ ശുദ്ധാ! കാരുണ്യ യഹോവേ!
നിത്യം അനുഗ്രഹിക്കുന്നോനും എല്ലാറ്റിനും നാഥനും,

ശുദ്ധാ, ശുദ്ധാ, ശുദ്ധാ സർവ്വദിവ്യർ വാഴ്ത്തി,
ആർത്തു പൊൻകിരീടങ്ങൾ നിൻ കാൽക്കൽ വീഴ്ത്തുന്നു,
ശുദ്ധ പളുങ്കു നദീ തീരേ,
ഉണ്ടായിരുന്നോനും ഉള്ളവനും, എന്നേക്കു
മുള്ളവനേ,
സാറാഫുകളും കെരൂബുകളും നിൻ കാൽക്കൽ വീഴുന്നു.[52]


ദൈവത്തിന്റെ മഹത്വം കണ്ടുകൊണ്ടല്ലാതെ മറ്റൊന്നിനും മനുഷ്യന്റെ കാഴ്ച്ചപ്പാട് മാറുകയില്ല. സ്തെഫാനൊസിനെ കല്ലെറിഞ്ഞുകൊണ്ടിരുന്നപ്പോൾ, "അവൻ സ്വർഗത്തേക്ക് ഉറ്റു നോക്കി ദൈവമഹത്വവും ദൈവത്തിന്റെ വലത്തുഭാഗത്ത് യേശു നിൽക്കുന്നതും കണ്ടു" (പ്രവൃത്തികൾ 7:55), ആ ദർശനം അവന് ശക്തി സംഭരിച്ച് പ്രാർത്ഥനയോടുകൂടെ മരിക്കുവാനും കഴിഞ്ഞു (പ്രവൃത്തികൾ 7:60). നിങ്ങളും ഞാനും നിരാശപ്പെട്ട്, നമ്മുടെ ശക്തി ചോർന്നുപോകുന്നതായി തോന്നുമ്പോൾ, നമുക്ക് വീണ്ടും തുറന്നിരിക്കുന്ന വാതിലിൽകൂടെ നോക്കി "കർത്താവ് ഉയർന്നും, പൊങ്ങിയുമിരിക്കുന്ന സിംഹാസനത്തിൽ ഇരിക്കുന്നത് കാണണം" (യെശയ്യാവ് 6:1). അത് നാം കാര്യങ്ങൾ എങ്ങനെ നോക്കി കാണുന്നു എന്നതിനെ മാറ്റും![53]

---

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

ഈ പാഠത്തിന്, "നമ്മുടെ ജീവിതങ്ങളെ ശ്രദ്ധിച്ച് നോക്കിക്കൊണ്ട്" എന്ന് വേറൊരു തലവാചകം കൊടുക്കാവുന്നതാണ്.

ബ്രയൻ വാറ്റ്സിന്റെ ഒരു ചിത്രീകരണം ഈ പാഠത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾ പ്രസംഗിക്കുകയോ ഉപദേശിക്കുകയോ ചെയ്യുമ്പോൾ, ദർശനം വരക്കുവാനാഗ്രഹിക്കുന്നെങ്കിൽ, ആ ഉദ്ദേശത്തിനായി ബ്രയന്റെ ചിത്രം നിങ്ങൾക്ക് വലുതാക്കി ഉപയോഗിക്കാം: അടിസ്ഥാനവിശദീകരണങ്ങളുള്ള ആ ലളിതമായ സമീപനം നിങ്ങൾക്ക് ഇഷ്ടപ്പെട്ടേക്കാം:




1-പച്ച
2-ചുവപ്പ്
3-വ്യക്തം

യോഹന്നാൻ തന്റെ കണ്ണ് ഈ ലോകത്തിൽനിന്ന് സ്വർഗത്തിലേക്ക് ഉയർത്തിയപ്പോൾ, എന്റെ മനസിലേക്ക് വന്ന ഒരു ചിത്രീകരണം ഞാൻ ഓർത്തു: പൊട്ടിയ ഒരു ബോക്സ് നിങ്ങൾക്ക് തപാലിൽ വരുന്നു എന്ന് വിചാരിക്കുക. അതിനുള്ളിലെ പേപ്പറെല്ലാം കീറി അഴുക്ക് പുരണ്ടിരിക്കുന്നു. വിലയുള്ള യാതൊന്നും അതിൽ കാണുകയില്ലെന്ന് ധരിച്ച് എറിഞ്ഞു കള യേണ്ട അവസ്ഥയിലാണെന്ന് വിചാരിക്കുക - പക്ഷെ അതു തുറക്കുമ്പോൾ, അതിൽ, ഒരു നിക്ഷേപമുള്ളതായി കാണുന്നു! അതുപോലെ, നാം ഈ ലോകത്തിൽ നോക്കുമ്പോൾ, ജീവിതത്തിന്റെ നാശകരമായ അവസ്ഥയാണ് കാണുന്നത്. എന്നാൽ നമ്മുടെ കണ്ണുകൾ സ്വർഗത്തേക്ക് ഉയർത്തുമ്പോൾ, ജീവിതത്തിന്റെ അർത്ഥമെന്തെന്നും അവിടെ നമുക്കായി വെച്ചിരിക്കുന്ന നി ക്ഷേപവും കാണാൻ കഴിയും. നിങ്ങൾക്ക് വേണമെങ്കിൽ എന്തെങ്കിലും ഒരു വസ്തു ഒരു പാക്കറ്റിലാക്കി അതിന്റെ പുറത്ത് അഴുക്ക് പുരട്ടി കാണിച്ച് നി ങ്ങളുടെ വിദ്യാർത്ഥികളെ കാണിക്കാവുന്നതാണ്.

അദ്ധ്യായം 4 നെ കുറിച്ചുള്ള മറ്റൊരു സമീപനം, സിംഹാസനത്തെ ശ്രദ്ധി ക്കുന്നതാണ്. പാഠത്തെ “ദൈവത്തിന്റെ സിംഹാസന മുറി” എന്നു വിളിക്കാ വുന്നതും, “സിംഹാസനം” എന്ന വാക്ക് ഉപയോഗിച്ച് മുഖ്യപോയിന്റുകൾ കൊടുക്കാവുന്നതുമാണ്: (1) സിംഹാസന മാഹാത്മ്യത്തിന്മേൽ (വാ. 1-3); (2) സിംഹാസനത്തിനു ചുറ്റും: ആദരവ്[54] (വാ. 4, 10); (3) സിംഹാസനത്തിൽനി ന്ന്:ഭരണകൂടം (വാ. 5); (4) സിംഹാസനത്തിന് മുമ്പിൽ: നടത്തിപ്പ്[55] (വാ. 5, 6); (5) സിംഹാസനത്തിന്റെ നടുവിൽ: മാഹാത്മ്യം (വാ. 6-8); (6) സിംഹാസ നത്തിലേക്ക്: സ്തോത്രം (വാ. 8-11). ഈ അദ്ധ്യായത്തെ മെറിൽ. സി. ടെനി “എന്നേക്കുമുള്ള സിംഹാസനം എന്നാണ് വിളിച്ചത്,” അതിന് അദ്ദേഹം മൂന്നു മുഖ്യമായ പോയിന്റുകളും നൽകി: (1) സിംഹാസനാരൂഢൻ, (2) സിംഹാസ നസ്ഥാനം, (3) സിംഹാസനത്തിലെ നമസ്ക്കാരം.[56]

ഈ അദ്ധ്യായത്തെ കുറിച്ചുള്ള നിങ്ങളുടെ സമീപനം എന്തായാലും, ദൈവത്തിന്നു മഹത്വം കൊടുക്കുന്ന വിധത്തിൽ വേണം ഇതോ അല്ലെങ്കിൽ ഇതുപോലെയുള്ളതോ ആയ പാഠങ്ങൾ ഉപയോഗിക്കുവാൻ. വലിയ പാ ട്ടുകൾ അടങ്ങുന്നതാണ് വെളിപ്പാട്, അതിൽ പലതും നമ്മുടെ പാട്ടുപുസ്ത കങ്ങളിൽ നാം പാടുന്നവയാണ്. നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്ന വേദഭാഗ ത്തോട് യോജിക്കുന്ന പാട്ടുകൾ അതാതു സമയത്ത് പാടുന്നത് ഒരിക്കലും അപാകതയാകുകയില്ല.

4 ഉം 5 ഉം അദ്ധ്യായങ്ങൾ, രണ്ടു മുഖ്യപോയിന്റുകളുള്ള ഒറ്റ പാഠമായി ഉപയോഗിക്കാവുന്നതാണ്: അദ്ധ്യായം 4-ൽ ദൈവത്തെ സൃഷ്ടികർത്താ വായും അദ്ധ്യായം 5-ൽ അവനെ വീണ്ടെടുപ്പുകാരനായും പറയുന്നു. അദ്ധ്യായം 4 പഴയ സൃഷ്ടിത്വത്തെ പറയുമ്പോൾ, അദ്ധ്യായം 5 പുതിയ സൃഷ്ടിത്വത്തെ കുറിച്ച് പറയുന്നു. കർത്താവിനാൽ സൃഷ്ടിക്കപ്പെട്ട ഭൗതി കജീവിതത്തെ അദ്ധ്യായം 4 എടുത്തു പറയുമ്പോൾ, അദ്ധ്യായം 5 വിരൽ ചൂണ്ടുന്നത് ആത്മിയ ജീവിതത്തെയാണ്. ആ രണ്ടു അദ്ധ്യായങ്ങളിലുമുള്ള ഊന്നൽ നമുക്ക് ഇങ്ങനെ വേർതിരിക്കാവുന്നതാണ്: (1) ദൈവത്തിന്റെ വീര്യ വും (2) വീണ്ടെടുപ്പിന്റെ മർമ്മവും; (1) വാഴുന്ന കർത്താവും (2) വീണ്ടെടു ക്കുന്ന കുഞ്ഞാടും. ഈ രണ്ട് അദ്ധ്യായങ്ങളുടെ ഒരു ബാഹ്യരൂപരേഖയായി യേശു യോഹന്നാൻ 14:1-ൽ പറഞ്ഞത് എടുക്കാമെന്നാണ് ജിം. മെക്ഗ്വിഗാൻ പറഞ്ഞത്. “നിങ്ങളുടെ ഹൃദയം കലങ്ങി പോകരുത് [രണ്ട് അദ്ധ്യായങ്ങളി

ലേയും വിഷയം] ദൈവത്തിൽ വിശ്വസിപ്പിൻ [അദ്ധ്യായം 4] എന്നിലും വിശ്വസിപ്പിൻ [അദ്ധ്യായം 5]."[57] തേജസ്ക്കരിക്കപ്പെട്ട യേശുവിനെ കുറിച്ചുള്ള പാഠത്തിന്റെ അടിസ്ഥാനമായി അദ്ധ്യായങ്ങൾ 4 ഉം 5 ഉം ജിം ബിൽ മെകിൻടിയർ ഉപയോഗിക്കയുണ്ടായി.[58]

---

കുറിപ്പുകൾ

[1]പുതിയ ദർശനങ്ങളെ പരിചയപ്പെടുത്തുവാനായി പുസ്തകത്തിൽ ഈ ഫോർമുല ഇടക്കിടക്ക് ഉപയോഗിച്ചിട്ടുണ്ട് (7:1, 9; 15:5; 18:1; 19:1 നോക്കുക). [2]ഭൂമിയിൽ ഏഴ്-വർഷം പീഡനകാലം ആയിരിക്കുമ്പോൾ ആകാശത്തിൽ ഏഴ്-വർഷം ഹർഷോന്മാദമായിരിക്കുമെന്നാണ് മിക്ക ആയിരമാണ്ട് വാഴ്ച്ചക്കാരും വിശ്വസിക്കുന്നത്. (*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "നല്ല തുടക്കം പകുതി ചെയ്യുന്നതാണ്" എന്ന പാഠം നോക്കുക.) ഇതുമായി ബന്ധപ്പെട്ട് "ഏഴ് സഭകൾ സൂചിപ്പിക്കുന്ന ഏഴ് സഭാകാലഘട്ടമാണ്, അതോടെ സഭാ കാലയളവ് അവസാനിക്കയും ചെയ്യുന്നു" എന്ന് ചില ആയിരമാണ്ട് വാഴ്ച്ചക്കാർ വിശ്വസിക്കുന്നു. ഏഴ് സഭകൾ സഭയുടെ കാലയളവിനെ *അല്ല* സൂചിപ്പിക്കുന്നതെന്ന് നാം കണ്ടു കഴിഞ്ഞതാണ്. "ഇതിനു ശേഷം" എന്നതിന്റെ അർത്ഥം, "ഏഴ് വർഷം" എ*ന്നല്ല* എന്ന് ഞാൻ ഊന്നി പറയട്ടെ. [3]അത് ഒരുപക്ഷെ യേശുവിന്റെ ശബ്ദമായിരിക്കാം. *വെളിപ്പാട്. 1* ലെ "മനുഷ്യപുത്രനോട് സദൃശ്യൻ" എന്ന പാഠത്തിലെ കുറിപ്പ് നോക്കുക. [4]ലിയോൺ മോറിസ്, *റെവെലേഷൻ*, റെവ, എഡി., ദ ടിൻഡെയിൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 85. [5]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "മനുഷ്യപുത്രനോടു സദൃശ്യനായവൻ" എന്ന പാഠത്തിലെ 1:10 ലെ കുറിപ്പുകളിൽ "ആത്മവിവശനായി" (അല്ലെങ്കിൽ "ആത്മാവിൽ") എന്നതിനെ കുറിച്ച് ചർച്ച ചെയ്യുന്നത് നോക്കുക. *വെളിപ്പാട്* സമയത്ത് യോഹന്നാൻ "ആത്മാവിനുള്ളിലും പുറത്തും" ആയിരുന്നു എന്ന് ധരിക്കരുത്. മറിച്ച്, ഇടക്കിടക്കുള്ള നാടകീയ ഉപയോഗമാണത് (17:3; 21:10 നോക്കുക), അത് *ഊന്നി* പറയുന്നത് വെളിപ്പാട് സമയം മുഴുവൻ യോഹന്നാൻ ആത്മാവിനാൽ നയിക്കപ്പെട്ടു എന്നാണ് (അല്ലെങ്കിൽ അവന്റെ ആത്മാവ് കർത്താവിനാൽ നിയന്ത്രിക്കപ്പെട്ടു എന്നർത്ഥം). [6]അവൻ ആരോഹണം ചെയ്തത് "ആത്മാവിൽ" ആയിരുന്നോ അതോ ശരീരത്തോടുകൂടെ ആയിരുന്നുവോ? ഒരുപക്ഷെ അവന്റെ ആത്മാവ് മാത്രമായിരിക്കാം ആരോഹണം ചെയ്തത് - നമുക്ക് അത് തീർച്ചയില്ല. [7]*ത്രോണോസ്* എന്ന ഗ്രീക്ക് വാക്ക് ലിപി മാറ്റിയതാണ് "ത്രോൺ" എന്നത്. കേന്ദ്ര സിംഹാസനം ഒന്നു മാത്രമാണ്. ചിലപ്പോൾ അതിനെ ദൈവസിംഹാസനം എന്നും (മത്തായി 5:34), ചിലപ്പോൾ യേശുവിന്റെ സിംഹാസനം എന്നും (മത്തായി 25:31) ഉപയോഗിച്ചിട്ടുണ്ട്. വെളിപ്പാട് 22:1 ലും 3 ലും അതിനെ, "ദൈവത്തിന്റേ*യും* കുഞ്ഞാടിന്റേയും സിംഹാസനം" എന്നും പറഞ്ഞിട്ടുണ്ട് (എംഫസിസ് മൈൻ.) [8]യെഹെസ്ക്കേൽ 1:28 നോക്കുക. "മഴവില്ല്" എന്നത് ഗ്രീക്കിൽനിന്നു തർജിമ ചെയ്തതിന്റെ അർത്ഥം "ബോ" അല്ലെങ്കിൽ "സർക്കിൾ" എന്നുമാകാം. ചില വ്യക്തിപരമായ തർജിമകളിൽ "ഹെലോ" എന്നുപയോഗിച്ചിട്ടുണ്ട്. എന്നാൽ മിക്ക തർജിമകളിലും "മഴവില്ല്" എന്നാണ് തർജിമ ചെയ്തിരിക്കുന്നുത്. വെളിപ്പാട് 10:1-ൽ ഉപയോഗിച്ച അലങ്കാരവും മഴവില്ലാണ്. [9]"പ്രായമായവർ" എന്നർത്ഥം വരുന്ന ഗ്രീക്ക് വാക്കാണ് "മൂപ്പന്മാർ" എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. സന്ദർഭത്തിൽ, അത് സഭയിലെ ഉദ്യോഗസ്ഥന്മാർ എന്നല്ല അർത്ഥമാക്കുന്നത്, എന്നാൽ അത് പ്രായമായവരെയാണ് ഉദ്ദേശിച്ചിരിക്കുന്നത് (പിന്നെ, കൂടുതൽ പക്വതയുള്ളവർ, എന്നാണ് സൂചിപ്പിക്കുന്നത്). ആ

പ്രായമുള്ള പിതാക്കന്മാർ ദൈവമുമ്പാകെ കുമ്പിടുന്നത്, രംഗത്തിന് മാറ്റു കൂട്ടുന്നു. [10]"കിരീടങ്ങൾ" എന്നതിനുള്ള ഗ്രീക്ക് വാക്ക്, സ്തെഫാനൊസ് എന്നതിന്റെ ബഹുവചന രൂപമാണ് ഉപയോഗിച്ചിരിക്കുന്നത്, അതാണ് 2:10-ൽ ഉള്ളത്.

[11]"വോയ്സ്" എന്ന വാക്കിനുള്ള ഫോൺ എന്നതിന്റെ ബഹുവചന രൂപം തർജിമ ചെയ്തതാണ് "നാദം." അതുകൊണ്ട് കെജെവിയിൽ "വോയ്സസ്" എന്നാണ്. എങ്ങനെയായാലും, ആ വാക്കിന് "നോയ്സസ്," "സൗണ്ട്സ്" എന്നും അർത്ഥം വരാം. എൻഐവിയിലും, എൻ ആർ എസ്വിയിലും "റംബ്ലിങ്ങ്സ്" എന്നാണ്. അതിനെ സിനായിലെ സമാനതയുമായുള്ള ബന്ധത്തിൽ, അത് കാഹളം ഊതുന്ന ശബ്ദമായി പറയാം (പുറപ്പാട് 19:16 നോക്കുക). [12]"വിളക്കുകൾ" എന്നതിന്റെ ഗ്രീക്ക് വാക്ക് യോഹന്നാൻ 18:3-ൽ തർജിമ ചെയ്തിരിക്കുന്നത് "ടോർച്ചസ്" എന്നാണ്. എൻഏഎസ്ബിയിൽ വെളിപ്പാട് 8:10-ൽ തർജിമ ചെയ്തത് ഏകവചനമായ "ടോർച്ച്" എന്നാണ്. വെളിപ്പാട് 4:5-ൽ മിക്ക ആധുനിക തർജിമകളിലും "വിളക്കുകൾ" എന്നതിനു പകരം "ടോർച്ചസ്" എന്നാണ്. [13]മൂലഗ്രന്ഥത്തിൽ "സിംഹാസനത്തിന്റെ നടുവിൽ" എന്നാണ്. ആ വാക്ക് യേശു മറ്റു ഭാഗങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട് (5:6; 7:17). സിംഹാസനവുമായുള്ള പ്രത്യേകമായ ബന്ധമാണ് അത് സൂചിപ്പിക്കുന്നത്. [14]കെജെവിയിൽ "സീറ്റ്സ്" എന്നാണ്, പക്ഷെ ഗ്രീക്കിൽ "ത്രോൺ" എന്നതിന്റെ ബഹുവചന രൂപമായ *ത്രോണസ്* എന്നാണ്. [15]1 ഉം 2 ഉം വാക്യങ്ങൾക്കിടയിൽ "ബിഹോൾഡ്" എന്ന വാക്ക് സൂചിപ്പിക്കുന്നത് *ആവേശത്തെയാണ്*. ആ വാക്യങ്ങൾക്ക് ശേഷം, ആവേശം ജനിപ്പിക്കുവാനായി ആശ്ചര്യ ചിഹ്നം ഉപയോഗിച്ചിട്ടുണ്ട്. [16]അടുത്ത അദ്ധ്യായത്തിൽ, ദൈവത്തിന് "കൈ" ഉള്ളതായി പറഞ്ഞിരിക്കുന്നു (5:1). അവനിൽനിന്നു ലഭിച്ച കുഞ്ഞാടും പുസ്തകവും ദൈവത്തിന്റെ കയ്യിലുണ്ടായിരുന്നു എന്നു സൂചിപ്പിക്കുന്നു. [17]ആഭരണങ്ങൾ ഉപയോഗിച്ചിരിക്കുന്നതിൽ പുരാതന എഴുത്തുകാർക്ക് സ്ഥിരതയില്ലായിരുന്നതായി കാണാം. അതുകൊണ്ട് അതിനു തുല്യമായ ആധുനിക ഉപയോഗമെന്തെ ന്ന് മനസിലാക്കുക പ്രയാസമാണ്. [18]എന്റെ ശ്രോതാക്കൾക്ക് സൂര്യകാന്തം പരിചയമില്ലാത്തതുകൊണ്ട് ഞാൻ അതിനു പകരം ഡയമണ്ട് എന്നു പറയും (എൽബി നോക്കുക). മിക്ക ഡയമണ്ടുകളും വ്യക്തതയുള്ളതുകൊണ്ട്, അതുമായി സൂര്യകാന്തത്തെ വിലകൊണ്ടും താരതമ്യം ചെയ്യാനാവാത്തതുകൊണ്ടും, രണ്ടിന്റേയും ദൃശ്യഫലം ഒന്നുതന്നെയായിരിക്കും. നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുള്ളതും മനസിലാക്കാവുന്നതുമായ രത്നം ഉപയോഗിക്കാം. [19]ആർഎസ്വി, എൻഐവി, എൻസിവി നോക്കുക. കാർണേലിയൻ എന്നതു യോഹന്നാന്റെ കാലത്ത് കല്ലിൽ കൊത്തുപണി ചെയ്ത ഒരുതരം രത്നമായിരുന്നു. (ആ രത്നത്തിന് വെളിപ്പാട് 21:19 നോക്കുക.) [20]എൽബി നോക്കുക. പിന്നെ, കെജെവിയിലെ പുറപ്പാട് 28:17 മായി എൻ ഏഎസ്ബിയിലെ അതേ വാക്യവുമായി താരതമ്മ്യം ചെയ്യുക.

[21]ബ്രൂസ് എം. ബെറ്റ്സ്ജർ, ബ്രേക്കിങ്ങ് ദ കോഡ്: *അണ്ടണ്ടർസ്റ്റാന്റിങ്ങ് ദ ബുക്ക് ഓഫ് റെവെലേഷൻ* (നാഷ്വിലേ: അബിങ്ങ്ഡൻ പ്രസ്, 1993), 48. [22]പച്ച വിശ്രമകരമായ നിറമാണെന്നാണ് നിറങ്ങളുടെ സ്വാധീനത്തെ കുറിച്ച് പഠിച്ച മനസശാസ്ത്രവിദഗ്ധർ നൽകുന്ന അഭിപ്രായം. ആസ്പത്രികളുടേയും അതുപോലെയുള്ള സ്ഥാപനങ്ങളുടേയും ചുമരുകൾ ഇളം പച്ച നിറത്തിലാണ് പെയിന്റ് ചെയ്യുന്നത്. [23]നിങ്ങൾക്ക് വേണമെങ്കിൽ, നോഹയുടെ സംഭവം, ജലപ്രളയം, മഴവില്ല് എന്നത് ചുരുക്കി പറയാം. ഈ പാഠം ഒരു ക്ലാസിൽ അവതരിപ്പിക്കുകയാണെങ്കിൽ, അവ വിദ്യാർത്ഥികളെ കൊണ്ട് ചുരുക്കി പറയിക്കാം. വെളിപ്പാടിലുള്ള "ദ ട്വിസ്റ്റ്" എന്ന അലങ്കാരം സൂക്ഷിക്കുക: വിവിധ നിറങ്ങൾക്ക് പകരം, മഴവില്ലിന് മരതകനിറമാണ് കൊടുത്തിരിക്കുന്നത്. [24]*വെളിപ്പാട്, 1* ലെ "കർത്താവേ എത്രത്തോളം?" എന്ന പാഠത്തിലെ 1:4 ന്റെ

കുറിപ്പുകൾ നോക്കുക. [25]ഈ വ്യാഖ്യാനത്തിന് എനിക്ക് മൂന്നു കാരണങ്ങളുണ്ട്: (1) വാസ്തവത്തിൽ "ഏഴ് ആത്മാക്കൾ" ഒന്നാണ് (പരിശുദ്ധാ) ത്മാവ്, സമാഗമന കൂടാരത്തിൽ - ഏഴ് നിലവിളക്കുകളുണ്ടെങ്കിലും - അത് ഒരു ഉപകരണമായാണ് കണക്കാക്കുന്നത്. (2) വെളിപ്പാടിൽ സ്വർഗത്തിലെ അലങ്കാരങ്ങളധികവും സമാഗമന കൂടാരത്തിൽനിന്നെടുത്തതാണ്, അതുമായി യോജിക്കുന്നതാണ് പൊന്നുകൊണ്ടുള്ള നിലവിളക്കുകൾ. അതാണ് ഏഴ് നിലവിളക്കുകൾ (ആത്മാക്കൾ) ഏഴ് വ്യത്യസ്തവും സ്വതന്ത്രവുമായ വിളക്കുകളിൽ നിന്ന് മാറ്റി ഒന്നായി കാണുന്നത്, അതാണ് അദ്ധ്യായം 1 ലെ നിലവിളക്കുകൾ (ഏഴ് സഭകൾ). *വെളിപ്പാട്,* 1 ലെ സമാഗമനകൂടാരത്തിന്റെ ഡയഗ്രമിൽ നിലവിളക്കുകളുടെ (പൊൻനിലവിളക്കുകൾ; കെജെവി) കാണിച്ചിട്ടുണ്ട്. [26]വെളിപ്പാട് ആത്മാവിനാലാണ് നൽകിയതെന്ന്, വെളിപ്പാട് പുസ്തകത്തിലുടനീളം ഊന്നി പറയുന്നുണ്ട് (ഉദാഹരണത്തിന്, 1:10; 2:7; 4:2; 14:13 നോക്കുക.) [27]പല പുരാതന കയ്യെഴുത്തുപ്രതികളിലും 5:10-ൽ മൂപ്പന്മാർ പറയുന്നത്, "... *ഞങ്ങളെ* രാജ്യവും പുരോഹിതന്മാരുമാക്കി വെക്കുകയും, *ഞങ്ങൾ* ഭൂമിയിൽ ഭരിക്കുകയും ചെയ്യുമെന്നാണ്" (കെജെവി നോക്കുക; എംഫസിസ് മൈൻ). മൂപ്പന്മാർ ക്രിസ്ത്യാനികളെ പ്രതിനിധാനം ചെയ്യുന്നു എന്ന വ്യാഖ്യാനത്തോട് ഇത് യോജിക്കുന്നു. ഈ പ്രസ്താവനയെ പ്രാഥമികമായി എതിർക്കുന്നത്, അവർ 7:13, 14 ലെയും 14:3 ലേയും മൂപ്പന്മാരെ രക്ഷിക്കപ്പെട്ടവരിൽനിന്നു വേറിട്ടുകാണുന്നതുകൊണ്ടാണെന്ന് തോന്നുന്നു. ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "കൊടുങ്കാറ്റിനു മീതെ ഉയരൽ" എന്ന പാഠത്തിലെ 7:13, 14 ന്റെ കുറിപ്പുകൾ നോക്കുക. യോഹന്നാന്റെ പ്രാഥമിക ലക്ഷ്യം സ്ഥിരതയല്ല എന്ന് ഓർക്കുക. [28]*വെളിപ്പാട്, 1* ലെ "ഇവിടെ, ഇതാ, സർപ്പം" എന്ന പാഠത്തിൽ, സംഖ്യകളുടെ അലങ്കാരപ്രയോഗങ്ങളെ ചർച്ച ചെയ്തിരിക്കുന്നത് നോക്കുക. "പന്ത്രണ്ട്" പലപ്പോഴും ഉപയോഗിച്ചിരിക്കുന്നത് *മതപരമായ* പൂർണ്ണതയെ സൂചിപ്പിച്ചുകൊണ്ടാണ്. [29]"ഇരുപത്തി-നാല്" എന്ന സംഖ്യക്ക് മറ്റ് നിർദ്ദേശങ്ങളും നൽകപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്, എല്ലാ കാലത്തെയും വീണ്ടെടുക്കപ്പെട്ടവരെയാണ് മൂപ്പന്മാർ പ്രതിനിധാനം ചെയ്യുന്നത് എന്നാണ് ചിലർ വിശ്വസിക്കുന്നത്. വെളിപ്പാടിൽ പന്ത്രണ്ടു ഗോത്രങ്ങളെയും (21:12), പന്ത്രണ്ട് അപ്പൊസ്തലന്മാരെയുമാണ് പറയുന്നതെന്ന് അവർ ചുണ്ടിക്കാണിക്കുന്നു (21:14). പന്ത്രണ്ടു ഗോത്രങ്ങളും (പഴയനിയമത്തിലെ ദൈവജനത്തെ പ്രതിനിധീകരിക്കുന്നു), പന്ത്രണ്ട് അപ്പൊസ്തലന്മാരും (പുതിയനിയമകാലത്തെ ദൈവജനം) ചേർന്നാൽ ഇരുപത്തി-നാലാകും. വീണ്ടെടുക്കപ്പെട്ടവർ, 15:3-ൽ, "മോശെയുടേ*യും*, ... കുഞ്ഞാടിന്റേയും, പാട്ട്" പാടും എന്നും അവർ നിരീക്ഷിക്കയുണ്ടായി. (എംഫസിസ് മൈൻ.) പൗരോഹിത്യഗോത്രമായ ലേവ്യർക്ക് അവരുടെ ജോലിയനുസരിച്ച്, ഇരുപത്തി-നാല് വിഭജനമുണ്ടായിരുന്നു എന്നാണ് വേറെ ചിലർ കാണുന്നത് (1 ദിനവൃത്താന്തം 24:18; 28:21; 2 ദിനവൃത്താന്തം 8:14; 31:2, 17; 35:10; ലൂക്കൊസ് 1:5, 8, 9). വെളിപ്പാട് 4-ൽ, ഇരുപത്തി-നാല് മൂപ്പന്മാർ ദൈവത്തെ നമസ്ക്കരിച്ചതുകൊണ്ട്, സംഖ്യക്ക് ഊന്നൽ കൊടുത്തിരിക്കുന്നതുകൊണ്ട് അവർ ഒരുപക്ഷെ പുരോഹിതന്മാർ ആയിരുന്നേക്കാം. ഈ വ്യാഖ്യാനത്തെ കുറിച്ച്, ഊന്നൽ കൊടുക്കേണ്ടത്, മൂപ്പന്മാരുടെ പൗരോഹിത്യ സംഖ്യയും ഇരുപത്തി-നാലാണ് എന്നത്രെ, ഇതിനർത്ഥം നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുവാൻ ഉയർന്ന-വിശുദ്ധന്മാരുടെ ഒരു സംഘം സ്വർഗത്തിലുണ്ട് എന്നല്ല. എല്ലാ ക്രിസ്ത്യാനികളും പുരോഹിതന്മാരാണെന്ന് പുതിയ നിയമം പഠിപ്പിക്കുന്നു (1 പത്രൊസ് 2:5), നമുക്ക് ഒരേ ഒരു സ്വർഗീയ മദ്ധ്യസ്ഥനുമാണുള്ളത് (1 തിമൊഥെയൊസ് 2:5, 6). [30]അവരുടെ കിരീടങ്ങൾ, സിംഹാസനത്തിന് മുമ്പിൽ താഴെ ഇടുന്നത് (വെക്കുന്നത്) കിരീടങ്ങളെ (ആത്മിയ വിജയം) അനാദരിക്കലല്ല, എന്നാൽ ദൈവമാണ് ആ വിജയം സാധ്യമാക്കിയത് എന്നാണ് കാണിക്കുന്നത്. അക്കാലത്ത്,

ഒരു രാജാവിനെ ആരെങ്കിലും കീഴ്പ്പെടുത്തിയാൽ, കീഴ്പ്പെടുത്തിയവന്റെ മുമ്പിൽ രാജാവിന്റെ കിരീടം അടിയറ വെക്കണമായിരുന്നു. രാജാക്കന്മാരെ അത് നിർബ്ബന്ധിച്ചാണ് ചെയ്യിച്ചിരുന്നതെങ്കിൽ, വിജയിച്ച മുപ്പന്മാർ അത് സ്വമനസാലെയാണ് ചെയ്തത്.

[31]കെജെവിയിൽ നിർഭാഗ്യവശാൽ "മൃഗങ്ങൾ" എന്നാണ്, അതു സൂചിപ്പിക്കുന്നത് ഭീമാകാരമായ ജന്തു എന്നാണ്. ഗ്രീക്ക് പുസ്തകം അവിടെ "മൃഗം" എന്നു പറയുന്നില്ല (പിന്നീട് 13:1 ലും 11 ലും യേശുവിന്റെ ശത്രുക്കളെ പറ്റി പറയുന്നുണ്ട്), എന്നാൽ "ജീവി [അല്ലെങ്കിൽ ജീവികൾ]"എന്നാണുള്ളത്. [32]ഇത് പഴയനിയമ വാക്യങ്ങളെ കുറിച്ചുള്ള "പിണയലാണ്." [33]വെളിപ്പാട് 4-ൽ ഒരു ജീവിയുടെ മുഖം മാത്രമാണ് (മനുഷ്യമുഖം) പറഞ്ഞിട്ടുള്ളത്, അത് അന്തർലീനമാക്കുന്നത് മറ്റു മൂന്നു ജീവികൾക്കും അതേ മുഖം തന്നെയായിരുന്നു എന്നത്രെ. മുഖമല്ലാതെ അവയുടെ മറ്റു രൂപമൊന്നും നമുക്ക് വ്യക്തമല്ല. യെഹെസ്ക്കേലിന്റെ പുസ്തകത്തിലെ ജീവികൾ അവയുടെ മുഖമൊഴിച്ച് നാലും ഒരേപോലെയാണ് കാണപ്പെട്ടത് (യെഹെസ്ക്കേൽ 10:10). യോഹന്നാൻ തന്റെ ദർശനത്തിൽ കണ്ട ജീവികൾ അവയായിരിക്കാം അല്ലെങ്കിൽ അല്ലായിരിക്കാം. [34]ആർഎസ്വിയിലും എൻഐവിയിലും "കാള" എന്നാണ്. [35]യെശയ്യാവ് 6:2 ആറ് ചിറകുകളുടെ ഉദ്ദേശം പറയുന്നുണ്ട്. ചിറകുകകൾ രണ്ട് സെറ്റുകളുള്ള *മൂന്നാ*യിട്ടാണ് ഘടിപ്പിച്ചിരിക്കുന്നതെന്ന് ശ്രദ്ധിക്കുക. (വെളിപ്പാട്, 1 ലെ "ഇവിടെ, ഇതാ, സർപ്പം," എന്ന പാഠത്തിലെ "ആറ്" എന്ന സംഖ്യയെ വിവരിച്ചിരിക്കുന്നതു നോക്കുക.) [36]"ദൃഷ്ടാന്തവ്യാഖ്യാനം" എന്നൊരു രീതിയുണ്ട്, അതിൽ നാല് ജീവികൾ നാല് സുവിശേഷ എഴുത്തുകാരെയാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് പറയുന്നു. കറപുരണ്ട് കണ്ണാടിജനലുകളിൽ, മത്തായി ഒരു സിംഹമായും, മർക്കൊസ് ഒരു കാളക്കുട്ടിയായും, ലൂക്കൊസ് ഒരു മനുഷ്യനായും, യോഹന്നാൻ ഒരു കഴുകനായും ഉപമിച്ചിരിക്കുന്നു. എന്നാൽ വേദഭാഗത്തിൽ അത്തരം വ്യാഖ്യാനത്തെ സാധൂകരിക്കുന്നില്ല. ബൈബിൾ പറയുന്നതല്ല, മറിച്ച് വ്യാഖ്യാനിയുടെ ചിന്തയാണ് ദൃഷ്ടാന്തവ്യാഖ്യാനത്തിലുള്ളത്. [37]"സാറാഫ്" എന്ന എബ്രായ വാക്കിന്റെ അർത്ഥം "പ്രകാശിക്കുന്ന" (അല്ലെങ്കിൽ "കത്തുന്നവ'') എന്നാണ്. എബ്രായഭാഷയിൽ ബഹുവചനം സൂചിപ്പിക്കുന്നതാണ് "ഇം" എന്ന് ഇംഗ്ലീഷിൽ അവസാനിപ്പിക്കുന്നത്, "സെറാഫിം" "ചെരൂബിം." [38]കെരൂബുകളെ ബൈബിളിൽ മറ്റു ഭാഗങ്ങളിലും പറഞ്ഞിട്ടുണ്ട് (ഉൽപത്തി 3:25; പുറപ്പാട് 25:18–20, 22). [39]"പ്രധാനദൂതൻ" എന്ന വാക്കിന്റെ (അക്ഷരിക അർത്ഥം "മുകളിലുള്ള ദൂതൻ" എന്നാണ്; 1 തെസലൊനിക്യർ 4:16) സൂചന ചില ദൂതന്മാർ മറ്റുള്ളവരുടെ മുകളിലാണ് എന്നത്രെ. മിഖായേൽ ഒരു പ്രധാന ദൂതനായിരുന്നു (യൂദാ 9). ദൂതന്മാരുടെ ക്രമത്തെ കുറിച്ച് നമുക്ക് വളരെ കുറച്ച് അറിവേ ഉള്ളു. [40]പ്രപഞ്ചസംബന്ധിയായ സംഖ്യയാണ് "നാല്." (*വെളിപ്പാട്*, 1 ലെ "ഇവിടെ, ഇതാ, സർപ്പം" എന്ന പാഠത്തിൽ "നാല്" എന്ന സംഖ്യ ചർച്ച ചെയ്തത് നോക്കുക.) ഒരു പാട്ട് പറയുന്നതുപോലെ, "ദൈവകരം നമ്മെ മെനഞ്ഞിരിക്കുന്നു" എന്ന് എല്ലാവരും പ്രഖ്യാപിക്കുകയാണ് (സങ്കീർത്തനങ്ങൾ 19:1; 150:6 നോക്കുക).

[41]അക്കാലത്തെ, മിക്ക കണ്ണാടിയും ഇരുണ്ടതും മങ്ങിയതുമായിരുന്നു. വ്യക്തമായ "പളുങ്ക്" വളരെ വിലയുള്ളതും അപൂർവ്വവുമായിരുന്നു. ഇയ്യോബ് 28:17 സൂചിപ്പിക്കുന്നത്, വ്യക്തമായ കണ്ണാടി ("പളുങ്ക്"; കെജെവി) പൊന്നോളം വിലയുള്ളതായിരുന്നു. [42]വെളിപ്പാടിലെ അധികസമയവും, "കടൽ" എന്ന അലങ്കാര പ്രയോഗം, വെള്ളത്താൽ മൂടപ്പെട്ട ഭൂമിയെ ആസ്പദമാക്കുന്നതാണ് (5:13; 7:1). മനുഷ്യരുടെ വൻ ജനാവലിയെ സൂചിപ്പിച്ചും, ചിലപ്പോൾ, ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (17; 1, 15). കടൽ എന്ന വാക്കിനെ കുറിച്ചുള്ള എല്ലാ വാക്യങ്ങളുമെടുത്ത് ഏകീകൃതമായ ഒരൊറ്റ വ്യാഖ്യാനം നടത്തുവാൻ വ്യാഖ്യാതാക്കൾ വിഷമിച്ചിട്ടുണ്ട്, എന്നാൽ മൂന്നു കാരണങ്ങൾകൊണ്ട്

അത് അനാവശ്യമാണ്: (1) യോഹന്നാൻ അദ്ധ്യായം 4 എഴുതുമ്പോൾ, അവൻ കടലിനെ അല്ല നോക്കിയത്, കടൽ പോലെയുള്ള ഒന്നിനെയാണ് ("ഒരു കടൽ, പോലെ" ആയിരുന്ന) സ്ഥിരതക്ക് പുസ്തകത്തിൽ ഏറ്റവും മുന്തിയ പരിഗണന നൽകുന്നില്ല. വേശ്യ "വെള്ളത്തിന്മീതെ" ഇരിക്കുന്ന എന്ന യോഹന്നാന്റെ പ്രയോഗമല്ല സ്വർഗീയ കടൽ. രണ്ട് വെള്ളങ്ങളും വ്യത്യസ്തമായവയായിരിക്കാം (വെളിപ്പാടിൽ അത്തരം നിരവധി അന്തരങ്ങളുണ്ട്). [43]21:1-ൽ, അവസാനം വീണ്ടെടുക്കപ്പെട്ടവർ സ്വർഗത്തിൽ ദൈവസാന്നിധ്യത്തിലായപ്പോൾ, "ഇനി സമുദ്രം ഉണ്ടാകയില്ല" എന്നു പറഞ്ഞു (4:6-ൽ സമുദ്രത്തെ കുറിച്ചുള്ള മറ്റു വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. ശലോമോന്റെ മണ്ഡപത്തിന് മുമ്പിലുണ്ടായിരന്ന പടലത്തെ "കടൽ" എന്നു വിളിച്ചിരിക്കുന്നതായിരിക്കാമെന്ന് ചിലർ കരുതുന്നു [1 രാജാക്കന്മാർ 7:23] .) [44]മൂലഗ്രന്ഥത്തിൽ ആ വാക്ക് അദ്ധ്യായം 4-ൽ, പതിനാല് പ്രവാശ്യം കാണാം, വെളിപ്പാട് പുസ്തകത്തിൽ ആ വാക്ക് നാൽപതിലധികം പ്രാവശ്യവും വരുന്നുണ്ട്. [45]ജെ. ഡബ്ലിയു. റോബെർട്ട്സ്, *ദ റെവെലേഷൻ ടു ജോൺ (ദ അപോകാലിപ്സ്)* ദ ലിവിങ്ങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1974),57. [46]ഷേക്സ്പിയർ *മാക്ബത്ത്* 5. 1. 17. [47]ഓ. ഡബ്ലിയു. ഹോംമ്സ്, "ലോഡ് ഓഫ് ആൾ ബീയിങ്ങ്. ത്രോണ്ഡ് അഫാർ" *സോങ്സ് ഓഫ് ദ ചർച്ച്,* എഡി. ആൾട്ടൻ എച്ച്. ഹോവാഡ് (മെസ്റ്റ് മോൺറോ, ലോ.: ഹോവാഡ് പബ്ലിഷിങ്ങ് കമ്പനി., 1977). [48]ദൂതന്മാരുടെ ക്രമത്തിൽ തന്നെയാണ് ആ നാല് ജീവകളുമെങ്കിൽ, അവയുമായുള്ള ബന്ധത്തിൽ, "പാടി" എന്നു ഞാൻ പറഞ്ഞ വാക്കിനെ ചിലർ വെല്ലുവിളിച്ചേക്കാം. പക്ഷെ അവ അതാണ് ചെയ്തതെന്ന് ഞാൻ വിശ്വസിക്കുന്നു. [49]*വെളിപ്പാട്*, 1 ലെ "എത്രത്തോളം കർത്താവേ?" എന്ന പാഠത്തിലെ 1:4 ലേയും 1:8 ലേയും കുറിപ്പുകൾ നോക്കുക. [50]വില്യം ബാർക്ലേ, *ദ റെവെലേഷൻ ഓഫ് ജോൺ*, വാല്യം 1, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 164.

[51]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ റെവെലേഷൻ* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1979), 100. [52]റെജിനാൾഡ് ബെജെർ, "ഹോളി, ഹോളി, ഹോളി," *സോങ്സ് ഓഫ് ദ ചർച്ച്*, എഡി., ആൾട്ടൻ എച്ച്. ഹോവേഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവേഡി പബ്ലിഷിങ്ങ് കമ്പനി., 1977). [53]ഈ പാഠം ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, അ-ക്രൈസ്തവർ ക്രിസ്ത്യാനികളാകുവാനും, തെറ്റിപ്പോയ ക്രിസ്ത്യാനികൾ യഥാസ്ഥാനപ്പെടുവാനും അവർ സിംഹാസനത്തിന് മുമ്പിൽ കുമ്പിടുവാനും (അതായത്, ദൈവേഷ്ടത്തിന് കീഴ്പ്പെടുക) അവന്റെ ഇഷ്ടം അനുസരിക്കുവാനും ആവശ്യപ്പെടുക (മർക്കൊസ് 16:16; യാക്കൊബ് 5:16). [54]തങ്ങൾക്ക് ലഭിച്ച സ്ഥാനം ദൈവകൃപയാലായിരുന്നു എന്ന് മൂപ്പന്മാർ തിരിച്ചറിഞ്ഞിരുന്നു. [55]നമ്മെ പ്രാഥമികമായി വചനം മുഖാന്തരം നയിക്കുന്ന പരിശുദ്ധാത്മാവിനാണ് ഇവിടെ ഊന്നൽ നൽകിയിരിക്കുന്നത്. [56]മെറിൽ സി. ടെന്നി, *ദ ബുക്ക് ഓഫ് റെവെലേഷൻ*, പ്രൊക്ലെയിമിങ്ങ് ദ ന്യുടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 22-24. [57]ജിം മെഗ്ഗഗിൻ, *ദ ബുക്ക് ഓഫ് റെവെലേഷൻ*, ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ് (ലബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 78. [58]ജിം ബിൽ. മെകിൻടിയർ, "ദ വിഷൻ ഇൻടു ഹെവെൻ," *ഗ്രെയിറ്റ് പ്രീച്ചേഴ്സ് ഓഫ് ടുഡെ ... സെർമൺസ് ഓഫ് ജിം ബിൽ മെകിൻടിയർ*, എഡി. ജെ. ഡി. തോമസ് (അബിലീൻ, ടെക്സ്.: ബിബിളിക്കൽ റിസേർച്ച് പ്രസ്, 1966), 169-74.

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. പലപ്പോഴും നമ്മുടെ കണ്ണുകൾ ഈ ലോകത്തിൽ നിറഞ്ഞു നിൽക്കുകയല്ലേ? നാമും യോഹന്നാനെ പോലെ ചിലപ്പോൾ സ്വർഗത്തേക്ക് *നോക്കി* നമ്മുടെ കാഴ്ച്ചപ്പാട് മാറ്റേണ്ടതില്ലേ?
2. അദ്ധ്യായം 4 ലെ ദർശനം നിങ്ങൾ വായിക്കുമ്പോൾ, നിങ്ങളുടെ ജീവിതത്തിൽ അത് എന്തു സ്വാധീനമാണ് വരുത്തിയത്? നിങ്ങളുടെ മനസിലേക്ക് വരുന്ന വാക്കുകൾ എന്താണ്?
3. നിങ്ങളുടെ ശ്രോതാക്കൾക്ക് സൂര്യകാന്തവും, പത്മരാഗവും, മരതകവും, പരി ചയമില്ലെങ്കിൽ വിലപിടിപ്പുള്ള മറ്റു രത്നങ്ങൾ ദൃശ്യവൽക്കരിക്കാവുന്നതാണ്.
4. മഴവില്ല് എന്ന അലങ്കാരം നമ്മെ എന്തെല്ലാം പാഠങ്ങളാണ് പഠിപ്പിക്കുന്നത്?
5. ഇടിയും മിന്നലും നമ്മെ എന്തു പാഠമാണ് പഠിപ്പിക്കുന്നത്?
6. ഇരുപത്തി-നാല് മൂപ്പന്മാർ ആരെ പ്രതിനിധീകരിക്കുന്നു എന്നാണ് നിങ്ങൾ വിചാരിക്കുന്നത്?
7. നിങ്ങളുടെ അഭിപ്രായത്തിൽ, നാല് ജീവികൾ ആരാണ് അല്ലെങ്കിൽ എന്താണ്?
8. "ഹോളി" എന്ന വാക്ക് മൂന്നു പ്രാവശ്യം ആവർത്തിക്കുന്നതിന്റെ {പ്രാധാന്യമെന്ത്?
9. "നമസ്ക്കാരം" എന്ന വാക്കിന്റെ അർത്ഥം എന്ത്?
10. നാം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു എന്നു മനസിലാക്കുന്നത് പ്രാധാന്യമുള്ള കാര്യമാണോ? എന്തുകൊണ്ട്?
11. ഈ പാഠമനുസരിച്ച്, ഒരു വ്യക്തിക്ക് ചോദിക്കുവാൻ കഴിയുന്ന പ്രധാനപ്പെട്ട മൂന്നു ചോദ്യങ്ങൾ ഏവ? അവക്ക് ബൈബിൾ എന്തു ത്തരം നൽകുന്നു?
12. നിങ്ങളുടെ ജീവിതത്തിൽ ഏറ്റവും നിരുൽസാഹപ്പെടുത്തുന്നതും നിരാശപ്പെടുത്തുന്നതുമായ കാര്യം ചിന്തിക്കുക. അതുമായി അദ്ധ്യായം 4 ലെ ദർശനം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

## പ്രവചന ദർശനങ്ങളിലെ ജീവികൾ


| യെഹെസ്ക്കേൽ കണ്ട ജീവികൾ (യെഹെ. 1; 10) | | യോഹന്നാൻ കണ്ട ജീവികൾ (വെളി. 4) | | യെശയ്യാവ് കണ്ട ജീവികൾ (യെശ. 6) |
|---|---|---|---|---|
| നാല് ജീവികൾ | → | നാല് ജീവികൾ | | (സംഖ്യ പറഞ്ഞിട്ടില്ല) |
| നിറച്ചു കണ്ണ് | → | നിറച്ച് കണ്ണ് | | (കണ്ണ് പറഞ്ഞിട്ടില്ല) |
| നാല് മുഖങ്ങൾ വീതം | → | നാലിലും നാല് മുഖം | | (മുഖം പറഞ്ഞിട്ടില്ല) |
| നാല് ചിറകുകൾ | | ആറു ചിറകുകൾ | ← | ആറു ചിറകുകൾ |
| പറക്കുവാനൊരുങ്ങി | | ദൈവത്തെപുകഴ്ത്തുന്നു | ← | ദൈവത്തെ സ്തുതിക്കുന്നു |
| കെരൂബുകൾ | | (പേർ പറഞ്ഞിട്ടില്ല) | | സാറാഫുകൾ |



സിംഹാസനത്തിനു ചുറ്റുമുള്ള കാഴ്ച്ച (4:2–8)



സിംഹാസനത്തിനു ചുറ്റും നാല് ജീവികൾ (4:5–8)



ഒരു മൂപ്പൻ തന്റെ കിരീടം സിംഹാസനത്തിനു മുൻപിൽ ഇടുന്നു (4:10)